
സത്യം അഹിംസ

# ദർശനം

(ജയ് ജഗത്)



സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 41 | ലക്കം 7 | 2014 ജൂലൈ 25

## മോചനമാർഗം

എല്ലാവർക്കും പ്രണാമം. ഈ ഭൂമിയും അതിലെ ഭൂമിക്കാരായ നമ്മളും അഖില ജന്തുജാലങ്ങളും അതിവേഗം സഞ്ചരിച്ചു കൊണ്ടിരിക്കുകയാണല്ലോ. ഈ ഭൂമിയുടെ ഭ്രമണം നമ്മുടെ നിയന്ത്രണത്തിലല്ല. എന്നാൽ നമുക്ക് നമ്മുടെ മനസ്സിനെ ഭ്രമത്തിൽപെടാതെ നിയന്ത്രിക്കാനാകും. സമ്പത്തിനും സ്ഥാനമാനങ്ങൾക്കും പിന്നാലെ മനുഷ്യരാശി സദാഓടിക്കൊണ്ടിരിക്കുകയാണ്. ഓട്ടത്തിൽ വീഴുന്നവരുണ്ട്. അവരുടെ മുകളിലൂടെയും ഓട്ടം തുടരുകയാണ്. രാജ്യം ഭരിക്കാനും ഓട്ടമാണ്. ഓടി ഓടി ചിലർ ഡൽഹിയിലെത്തുന്നു. അവരിൽ ഇന്ത്യൻ പ്രധാനമന്ത്രി സ്ഥാനത്ത് ഇതാ നരേന്ദ്രമോദി എത്തിയിരിക്കുന്നു. ഡൽഹിയിലെ സിംഹാസനത്തിൽ എത്ര മിടുക്കനായ ഒരാൾ കയറി ഇരുന്നാലും ഇന്ത്യയിലെ ജനങ്ങൾ സ്വാശ്രയത്വം ശീലിച്ചില്ലെങ്കിൽ രക്ഷപെടുകയില്ല. ഭരിക്കുന്നവർക്ക്ചെയ്യാൻ കഴിയുന്നത് അവർ ചെയ്യട്ടെ. നമ്മുടെ ജോലി എന്താണ്. ഡൽഹിയിലേയ്ക്ക് നോക്കി ഇരിക്കണോ.? നമ്മുടെ വീടും മനസ്സും അയലും വിശാലശുദ്ധീകരണത്തിന് പാത്രമാകാൻ പരിശ്രമിക്കുകയല്ലാതെ നമുക്കു വേറേ മോചന മാർഗ്ഗം ഇല്ല. അതോടെ സന്തോഷവും ഐശ്വര്യവും ഉണ്ടാകും. അതിന് ഭ്രമത്തിൽ നിന്നും മുക്തരായവരുടെ അറിവുകൾ നമുക്ക് പങ്കുവെയ്ക്കാം. കഴിഞ്ഞ ലക്കത്തിൽ കുറുപ്പുസാറിന്റെ 19-ാം വയസ്സിലെ സവിശേഷമായ കത്ത് എല്ലാവരും വായിച്ചിരിക്കുമല്ലോ. ഇതാ 1992 നവംബറിൽ സാറു നമ്മളോട് സംവദിച്ചതെന്തെന്ന് ഒന്നു

നോക്കാം.

അന്യോന്യ ജീവിതം നയിക്കുവാൻ അർഹതപ്പെട്ട സവിശേഷവർഗ്ഗമാണ് മനുഷ്യവർഗ്ഗം. ഈ സത്യം മുൻനിർത്തി ഓരോരുത്തരും ചുറ്റുമുള്ളവരെക്കൂടി പരിഗണിച്ച് ജീവിക്കുവാൻ തുടങ്ങണം. "ഞാൻ എനിക്കുവേണ്ടി" എന്ന താണതലത്തിൽ മനസ്സിനെ വ്യാപരിപ്പിച്ചുകൊണ്ട് ഇനി ഇവിടെ സ്വസ്ഥ ജീവിതം ആർക്കും സാദ്ധ്യമല്ല. അധികാരത്തിലും സമ്പത്തിലും വിശ്വാസമർപ്പിച്ചുകൊണ്ടുള്ള സ്വകാര്യനിഷ്ഠമായ പരിഹാരാന്വേഷണം പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുകയും പിരിമുറുക്കം വർദ്ധിപ്പിക്കുകയുമേ ചെയ്യൂ. തിരിയേണ്ടത് മനുഷ്യമനസ്സിന്റെ വികാസത്തിലേയ്ക്കാണ്. ഭരണഘടനകളിലും പാർലമെന്റുകളിലും സൈന്യത്തിലും നിന്നു മനുഷ്യവർഗ്ഗം ഇനി ബുദ്ധിയെ സമൂഹ മനസ്സിലേക്കു തിരിച്ചുകൊണ്ടുവരണം. ഓരോരുത്തരും അവനവനെ മാത്രം കേന്ദ്രമാക്കി ചുറ്റിത്തിരിയുന്ന മനോ വൃത്തികളെ, വിശാലമാക്കി സമൂഹത്തിലേക്ക് പടർത്താനുള്ള വഴി അന്വേഷണവിഷയമാക്കണം. അതാവണം വിദ്യാലയങ്ങളുടെയും ആരാധനാലയങ്ങളുടെയും ഭരണകൂടങ്ങളുടെയും വിഷയം. നമുക്കെങ്ങനെ പരസ്പര പൂരിത ജീവിതം നയിക്കാം എന്ന വഴിയ്ക്കു കലാകാരന്മാരും ശാസ്ത്രജ്ഞന്മാരും ഇനി വരണം. ഒന്നിച്ചു ജീവിക്കുന്നതിൽപ്പരം സന്തോഷം ജനിപ്പിക്കുന്ന പുത്തൻ അഭിരുചികൾ ജനങ്ങളിൽ ഉല്പാദിപ്പിക്കണം. പട്ടിണി എങ്ങനെ പരിഹരിക്കാം. എന്നതിനേക്കാൾ പ്രധാനം പട്ടിണി എങ്ങനെ പങ്കിടാം എന്നതാകണം. ബന്ധുത്വബോധം വന്നാലേ പങ്കിടാൻ കഴിയൂ. ഈ ഭൂമിയിൽ എന്റെ ബന്ധുക്കളല്ലാതെ മറ്റാരുമില്ലെന്ന സത്യം സർവ്വമനസ്സുകളിലും ഉണർത്തണം. ആവഴിയ്ക്ക് നീങ്ങണം ഇനി നമ്മുടെ അന്വേഷണം. ഇവിടെ ഈ ഭൂമിയിൽ അന്യോന്യത സാധിച്ചിട്ട് നമുക്ക് ഗ്രഹാന്തര യാത്രപോരെ? അല്ലെങ്കിൽ ചൊവ്വയിൽ ചെന്നു നിന്നു നമുക്കു നമ്മുടെ ഭൂമിയെ നശിപ്പിക്കേണ്ടി വരില്ലേ?

നമുക്ക് വേണ്ടതെന്ത്? എല്ലാവരും വേണ്ടപ്പെട്ടവർ എന്ന വീക്ഷണം എല്ലാവരിലും ഉണർത്തുകതന്നെയാണ്. എല്ലാവരും വേണ്ടപ്പെട്ടവർ എന്ന ബോധംകൊണ്ട് അലിവാർന്ന മനസ്സ് എല്ലാവരിലും ഉറവായിവരുവാൻ വേണ്ട സാധന എല്ലാവരും ചെയ്യണം. അതിനുള്ള പ്രേരണ പരസ്പരം നൽകണം. സകല മനുഷ്യരും

ഉള്ളടുപ്പത്തിൽ വരണം. മതസൗഹാർദ്ദം പോര മനുഷ്യബന്ധമാണ് വേണ്ടത്, ഏറ്റവും പ്രയാസമായ കാര്യമാണിത്. എല്ലാവരിലും ഒരിക്കലും സംഭവിക്കത്തില്ലെന്നു വരാം. രക്തബന്ധം കൊണ്ട് വ്യക്തിബന്ധം ഉണ്ടാവണമെന്നില്ല. സാമ്പത്തിക സമത്വംകൊണ്ടും അതുണ്ടാവണമെന്നില്ല. ഒരേ വീട്ടിൽ താമസിച്ചാലും ഒരേ ആരാധനാലയത്തിൽ ഒന്നിച്ചു പ്രാർത്ഥന നടത്തിയാലും ഒരേ ഭാഷക്കാരും ഒരേ ദേശക്കാരും വേഷക്കാരുമായാലും ഉള്ളടുപ്പം വരണമെന്നില്ല. ഉള്ളടുപ്പം ഉണ്ടാകാൻ വേണ്ടി വ്യക്തിപരമായി ശ്രമിച്ചാലല്ലാതെ മറ്റെന്തു സാധിച്ചാലും ഉള്ളടുപ്പമുണ്ടാവില്ല. അതിനെന്തുവേണമെന്നു പറയുവാൻ അറിഞ്ഞുകൂടാ. "ലോകാസമസ്താ:സുഖിനോഭവന്തു" എന്നു നിത്യേന പ്രാർത്ഥിക്കുന്നവർക്കും മറ്റൊരു മനുഷ്യനോട് ലയം സാധിക്കുന്നില്ലല്ലോ. എന്റെ മതമാണ് ശ്രേഷ്ഠം എന്നു സ്ഥാപിക്കുവാൻ ഈ വരികൂടി ഉപയോഗപ്പെടുത്തും! ഏതെങ്കിലും ഒരു സങ്കുചിത വട്ടം നിർമ്മിച്ച് അതിനുള്ളിൽ ചുരുണ്ടുകൂടുവാനുള്ള ശീലമാണു നമുക്കിന്നു കൈവന്നിരിക്കുന്നത്. മനസ്സ് അങ്ങനെ വാർക്കപ്പെട്ടുപോയി. സ്വന്തം ശരീരത്തിൽ മാത്രം ഉടക്കിയ മനസ്സുമായി വിശാലാന്തരീക്ഷത്തിലേയ്ക്കു പറക്കാനാവില്ല.

രാഷ്ട്രം, മതം, ജാതി, സ്വകാര്യ സമ്പത്ത്, കുടുംബം തുടങ്ങി വിവിധ ബന്ധങ്ങളിൽ നാം കുരുങ്ങിക്കിടക്കുകയാണ്. അപസ്മാര രോഗി സ്വന്തം കൈകൊണ്ട് സ്വന്തം പിടലി ഞെരിച്ച് നാക്കുപുറത്തു ചാടിയാലും പിടി അയയ്ക്കാതിരിക്കുന്നതുപോലെ സാമൂഹ്യ അപസ്മാരം പിടിപെട്ട നാം എത്ര കഷ്ടത അനുഭവിച്ചാലും അവനവനിലെ പിടിവിട്ട് അന്യോന്യ ജീവിതത്തിന് തയ്യാറാവില്ല. അതിന് ഒരു പരിഹാരവുമില്ലെന്ന് വരുമോ. പരിഹാരം കാണാതിരിക്കില്ല. പിടിഅയഞ്ഞു വരുവാൻ സാവധാനമേ പറ്റൂ. ദർശനം മുന്നോട്ടു വച്ചിട്ടുള്ള മൂന്നു സാധനകൾ ശീലിക്കുവാൻ തുടങ്ങിയാൽ മനസ്സ് അയഞ്ഞു വന്നേക്കാം എന്നു തോന്നുന്നു. മറ്റു സാധനകൾ അനുഷ്ഠിക്കുന്നവർ അതിനോടൊപ്പം മാനുഷികധ്യാനം, മൈത്രീഭാവന, തറക്കൂട്ടം ഇവമൂന്നും സാധനയാക്കണം. പ്രകൃതി ജീവനം, ലഹരി മോചനം, സ്ത്രീവിമോചനം, ജനസംഖ്യാ നിയന്ത്രണം തുടങ്ങി വിവിധ രംഗങ്ങളിൽ വിജയം വരിക്കുന്നതിന് ഈ മൂന്നു സാധനകളും ഉപകരിക്കും. അത്ര അടിസ്ഥാനപരമാണവ. ഞാനൊരാൾ ഇതൊക്കെ ചെയ്താൽ ഈ ലോകത്ത് എന്തു സംഭവിക്കാ

നാണ് എന്നു നിശ്ചയിച്ചൊഴിയരുത്. നാം അതു ചെയ്തു തുടങ്ങുക.

കപ്പലിൽ എല്ലാവരും നല്ല ഉറക്കം. അടിപ്പലക തകർന്നു വെള്ളം കയറുന്നത് ഒരാൾ കണ്ടു. അയാൾ എന്തു ചെയ്യണം? എല്ലാവരും ഉറക്കമായതുകൊണ്ട് ഞാനും ഉറങ്ങാം എന്നു വിചാരിക്കുമോ? വിളിച്ചാൽ അവർക്ക് ദേഷ്യം വരും എന്നതുകൊണ്ട് വിളിക്കാതിരിക്കുമോ? ഞാൻ ഒരുത്തൻ വിചാരിച്ചാൽ ഒന്നും നടക്കില്ലെന്നു കരുതി നിഷ്ക്രിയനാകുമോ? വിളിച്ചു കൂവികൊണ്ട് വിടവടയ്ക്കാനും വെള്ളം പുറത്തേയ്ക്ക് കോരികളയാനും ശ്രമിക്കുക. ഓരോരുത്തരോടും ദർശനത്തിന്റെ അഭ്യർത്ഥന ഇതുമാത്രമാണ്. സ്വകാര്യതയിൽനിന്ന് അന്യോന്യതയിലേയ്ക്കു ഒന്നിച്ചു നീങ്ങാൻ ശ്രമിച്ചുകൊണ്ടേയിരിക്കുക. സ്വയം സാധന ചെയ്തുകൊണ്ട് പ്രേരണ നൽകുക, അതിനു തുടങ്ങുന്നില്ലെങ്കിൽ മറ്റെന്തെല്ലാം സംഭവിച്ചാലും ഹൃദയവികാസം സാദ്ധ്യമാകില്ല. സ്വയം സാധന ചെയ്യുവാൻ തുടങ്ങിയാൽ മറ്റൊന്നും സംഭവിച്ചില്ലെങ്കിലും ഉള്ളിൽ സംഘർഷം കുറഞ്ഞുവരും. തമ്മിലടുക്കുവാൻ കഴിയും.

ഓരോരുത്തരും സമൂഹ ജീവിതത്തിലേയ്ക്ക് വരണം; സമുദായ ജീവിതത്തിലേയ്ക്ക് വന്നാൽ പോരാ; വിശാലമായ സമൂഹബോധജീവിതം പശ്ചാത്തലമായി സ്വീകരിക്കപ്പെട്ടാൽ ഭാഷ, പ്രദേശം, വിശ്വാസം തുടങ്ങിയ ഏതിൽപ്പെടുന്നതും സ്വസ്ഥ ജീവിതത്തിന് തടസ്സമാവില്ല. മെക്ക മുസ്ലീങ്ങളുടെയും കാശി ഹിന്ദുക്കളുടെയും തന്നെ ആയികൊള്ളട്ടെ. ലങ്ക സിംഹളരുടെയും ആയിക്കൊള്ളട്ടെ. മനുഷ്യർ പരസ്പരം വേണ്ടപ്പെട്ടവരാണെന്ന ബോധം പ്രകാശിക്കുന്നുവെന്നു വന്നാൽ എല്ലായിടത്തും എല്ലാവർക്കും യഥേഷ്ടം പ്രവേശിക്കാം. വേർതിരിവ് ഇല്ലാതാകും. തടസ്സങ്ങൾ നീങ്ങും. തടസ്സങ്ങൾ നീങ്ങിയാൽ ഗുണങ്ങൾ പ്രകാശിക്കുവാൻ തുടങ്ങും. ഗുണവികാസം സംഭവിക്കുവാൻ തുടങ്ങിയാൽ ബാബറി മസ്ജിദ് നവീകരിച്ച് നിലനിർത്തുവാനും പുതിയ ശ്രീരാമ ക്ഷേത്രം വിശ്വഹിന്ദു പരിഷത്ത് ആഗ്രഹിക്കുന്നതുപോലെ പണിതുയർത്തുവാനും സർവ്വാനുകൂലതയോടെ സന്തോഷമായി ആർക്കും കർസേവ ചെയ്യാം. ഈശ്വര വിശ്വാസത്തിന്റെ ഉത്തമമാതൃകകൾ ആവും അവ. ഗുണവികാസം സംഭവിക്കാതെ സങ്കുചിത മനസ്സോടെ മസ്ജിദ് നിലനിർത്തിയാലും ക്ഷേത്രം പണിതുയർത്തിയാലും നാം ആഗ്രഹിക്കുന്ന ഈശ്വരാനുഗ്രഹം ഉണ്ടാവാനിടയില്ല. എന്തിനു നാം

ഈ നഷ്ടക്കച്ചവടം നടത്തണം. നമ്മുടെ ഭരണകൂടങ്ങളും വിദ്യാലയങ്ങളും ആരാധനാലയങ്ങളും സമ്പദ് സംവിധാനങ്ങളുമെല്ലാം ഇന്ന് ഈ നഷ്ടവ്യാപാരത്തിലാണുള്ളത്. അവ ഒന്നും ഇന്നത്തെ നിലയിൽ നമ്മെ നാം വീണുപോയ ചെളിക്കുണ്ടിൽനിന്ന് രക്ഷപ്പെടുത്താനിടയില്ല. ഇവിടെയാണ് ബഹുജനങ്ങൾ ഒന്നിച്ച് രക്ഷപ്പെടുവാനുള്ള ശ്രമത്തിന്റെ പ്രസക്തി. മനുഷ്യന്റെ രക്ഷ, ഭൂമിയുടെ രക്ഷ അതിൽ കുറഞ്ഞ രക്ഷയെപറ്റി ഇനി ചിന്തിച്ചിട്ടു കാര്യമില്ല.

**ഒരു യാത്രയുടെ കഥ**

# ഉത്തരാഖണ്ഡ് ദർശനം-2

**ചന്ദ്രൻ പുറക്കാട്.** ഫോൺ : 9446327525

*"പൊൽതിങ്കൾക്കല പൊട്ടുതൊട്ട ഹിമവൽ ശൈലാഗ്രശൃംഗങ്ങളിൽ......" നമുക്ക് പോകാനായില്ലെങ്കിലും പോയവരുടെ വാക്കുകളിലൂടെ ദർശിക്കാം*

സൈനാചട്ടിയിലെ നീലം ലോഡ്ജിലായിരുന്നു രാത്രി താമസം. രാവിലെ 5 മണിയ്ക്കുണർന്ന് ചായ കഴിച്ചപ്പോൾ തണുപ്പകന്നു. ചെറിയ ഗ്ലാസിലെ രുചികരമായ ചായയ്ക്ക് ഒരു പ്രത്യേക ഗന്ധമാണ്. സഹ യാത്രികരോടൊപ്പം സ്നാനഘട്ടത്തിലേയ്ക്കു നടന്നു. പാറകൾ ഒഴുകി ഉരുണ്ട് കിടക്കുന്ന നടപ്പാത. യമുനാ നദിയുടെ ഒരു കൈവഴിയിലാണ് സ്നാനഘട്ടം. കണ്ണീരുപോലെ തെളിവുള്ള ജലം. അകലെ നിന്നു തന്നെ ഒഴുക്കിന്റെ ഇരമ്പം കേൾക്കാം. വഴുക്കലുള്ള പാറകളാണ് കടവിൽ. ശ്രദ്ധയില്ലെങ്കിൽ വീണുപോകാം. സാവധാനം പുഴയിലിറങ്ങി. അരിച്ചിറങ്ങുന്ന തണുപ്പ്. കൂടെ ഉണ്ടായിരുന്ന കണ്ണൂർകാരനായ പേരാവൂർ സ്വദേശി ശ്രീ. ജോസഫും, കൊട്ടാരക്കര പുത്തൂർ നിവാസികളായ ഓമനക്കുട്ടനും സതീശനും പുഴയിൽ തൊട്ട് പരസ്പരം നോക്കി. മരവിപ്പിക്കുന്ന തണുപ്പ്! സഹോദരന്മാരായ അവർ എന്റെ മുഖത്തേയ്ക്ക് നോക്കി. പ്രായമായ എനിയ്ക്കിവിടെ മുങ്ങാൻ കഴിയുമോ എന്നതായിരുന്നു അവരുടെ സംശയം. പിന്നിൽ നിന്ന ഞാൻ യമുനയെ തൊട്ട് വന്ദിച്ചു. ഐസ് കട്ടയുടെ തണുപ്പ്. ഇത് ഹിമവാന്റെ ഒരു മകൾ യമുന! കാലിൽ തണുപ്പ് അരിച്ചു കയറിയെങ്കിലും അല്പം മുന്നോട്ട് നടന്ന് കൂട്ടുകാർക്കു മുന്നിൽ നിന്നു. അടുത്തു കണ്ട ഒരു കല്ലിൽ പിടി

മുറുക്കി. ശിവ കാമിനി ഗംഗയെ, കൃഷ്ണപ്രിയ യമുനയെ മനസ്സി ലോർത്തു. ഒരു നിമിഷം മരവിപ്പിക്കുന്ന ആ പുഴയിലേയ്ക്ക് ശക്തി യോടെ ഒരു മുങ്ങൽ. വീണ്ടും വീണ്ടും അതാവർത്തിച്ചപ്പോൾ എന്തൊരു സുഖം. ഈ പുഴയിൽ ഏവരും വിറങ്ങലിച്ച് നിൽക്കു മ്പോൾ വീണ്ടും വീണ്ടും മുങ്ങാൻ ഒരഭിനിവേശം. തിരിഞ്ഞു നോക്കുമ്പോൾ കുളിരിൽ വിറച്ച് കൂട്ടുകാർ അതിശയിച്ചു നിൽ ക്കുന്നു.

"സമ്മതിച്ചിരിക്കുന്നു ഈ ചെറുപ്പത്തെ" ജോസഫെന്ന തങ്ക ച്ചന്റെ പ്രതികരണം. ശരീരത്തിൽ തഴുകിയ യമുനയെ സോപ്പുപ യോഗിച്ചകറ്റിയില്ല. എത്ര പരിശുദ്ധമായ ജലം. കുപ്പിയിൽ നിറച്ചു വരുന്നതിനേക്കാൾ എത്രയോ ശുദ്ധവും വിശുദ്ധവുമാണീ ഗംഗാ യമുനാ സരസ്വതീ തീർത്ഥം. സോപ്പുതൊട്ടാൽ നദി അശുദ്ധയാകാം. തിരിച്ചു ലോഡ്ജിലേയ്ക്ക് നടക്കുമ്പോൾ ആ വിചാരമായിരുന്നു മനസ്സിൽ. അത് കേട്ടിട്ടെന്ന പോലെ യമുന പൊട്ടിചിരിച്ചുകൊണ്ട് മുന്നോട്ട് ഒഴുകി.

പ്രാതൽ കഴിഞ്ഞ് എട്ടരയ്ക്ക് യമുനാ ദർശനത്തിന് പുറപ്പെ ട്ടു. യമുന ഒഴുകി വരുന്ന മലമ്പാതകളുടെ പ്രാന്ത പ്രദേശമാണിത്. ഉയരമുള്ള കുന്നുകൾക്കിടയിലൂടെ വല്ലപ്പോഴുമേ സൂര്യദർശനം ലഭിക്കുമായിരുന്നുള്ളൂ. മലനിരകൾ മുഴുവൻതന്നെ മരങ്ങളാണ്. ദേവതാരുമരങ്ങൾ ഇത് ഹിമാലയത്തിന്റെ ഒരു മുഖ മുദ്രയാണ്. ഇടയ്ക്കിടെ പൈൻ മരങ്ങളും ഒരു തരം അരുണമരങ്ങളും. ഒഴു ക്കുള്ള ചാലുകളിൽ വേരു പിടിച്ച കണ്ടൽകാട്ടുവള്ളികളും പടർന്നു കിടക്കുന്നു.

പ്രശസ്തമായ ദേവതാരുമരങ്ങൾ വീടിനും വീട്ടുപകരണ ങ്ങൾ നിർമ്മിക്കുന്നതിനും ഉപയോഗിക്കപ്പെടുന്നു. തടിവ്യവസായം പുഷ്ടിപ്പെടുത്തുന്ന ഒരു തൊഴിൽ മേഖലയാണിവിടം. വിറകി നായും ഇവ ഉപയോഗിക്കപ്പെടുന്നു.

മലയോര മേഖലകളിൽ ആടു വളർത്തലാണ് ജനങ്ങളുടെ മറ്റൊരു മുഖ്യ തൊഴിൽ. കമ്പിളി വസ്ത്രങ്ങളും ഇവിടെ ഉല്പാദി പ്പിക്കപ്പെടുന്നു. ആട്ടിൻ പറ്റങ്ങളെ തെളിച്ചുകൊണ്ടു നടക്കുന്ന ഗ്രാമീ ണരെ എവിടെയും കാണാൻ കഴിയും. ഇരുന്നൂറുമുതൽ മുന്നൂറു വരെ ആടുകളെ ഓരോ ഇടയനും പരിപാലിക്കുന്നു. സൈനികാവ

ശ്യത്തിനുള്ള ആടുകളും ഇവിടെ നിന്നും ശേഖരിക്കപ്പെടുന്നു. രോമം മുറിച്ചെടുത്ത ആടുകളുടെ ചലന ഭംഗികാണുവാൻ തന്നെ ഏറെ രസകരമാണ്. കുട്ടനാടൻ കായൽ മേഖലയിലെ താറാവിൻ കൂട്ടത്തെ ഓർമിപ്പിക്കുന്നതാണ് ഇവിടുത്തെ ആടുപരിപാലനം.

ചോറും കെട്ടി വരുന്ന ഗ്രാമീണ ഇടയന്മാർ അവയെ മേയാൻ വിട്ടിട്ട് സൗകര്യമായി പൊതിയഴിക്കുമ്പോൾ ചെമ്മരിയാടുകൾ കണ്ടതു കണ്ടതു നക്കിതുടച്ച് മുന്നേറുന്നു. നടക്കാൻ പ്രയാസപ്പെടുന്ന അവയെ തോളിലേറ്റുന്ന അജപാലകർക്ക് അവയോടു സംസാരിക്കാൻ ഒരു പ്രത്യേക ഭാഷ തന്നെയുണ്ടെന്നു തോന്നുന്നു. ഭാഷയുടെ ആ സംവേദന ക്ഷമതയനുസരിച്ചാവും അവയുടെ സഞ്ചാരവും ഭക്ഷണവും എന്നുവരെ തോന്നിപോകും അതുകണ്ടാൽ.

വാഴയും കിഴങ്ങു വർഗ്ഗങ്ങളും റാഗിയുമെല്ലാം ഇടയ്ക്കിടെ കാണപ്പെടുന്ന കാർഷിക വിളകളാണ്. വീട്ടുപറമ്പിൽ കാടുപോലെ വളരുന്ന കറിവേപ്പില മരങ്ങൾ എവിടെയും തലയുയർത്തി നിൽക്കുന്നു. നമ്മുടേതിൽ നിന്നും അല്പം വലിപ്പകൂടുതലുള്ളവയാണ് ഇവിടുത്തെ കറിവേപ്പില മരങ്ങൾ. വളക്കൂറുള്ള മണ്ണിൽ സ്വയം പൊട്ടി മുളയ്ക്കുന്നവ. പത്തു പന്ത്രണ്ടടിവരെ ഉയരത്തിൽ വളരുന്ന ഇവയ്ക്ക് രണ്ടു പേരെ താങ്ങുവാനുള്ള കായ ശേഷിയുമുണ്ട്!

ഉയരത്തിലുള്ള മലവാരങ്ങളിൽ നെൽകൃഷിയും വിജയകരമായി തന്നെ നടത്തിവരുന്നു. നിരന്ന ഭൂമി കുറവായതിനാൽ തട്ടു കൃഷി സമ്പ്രദായത്തിലാണ് ഇവിടെ കൃഷി നടത്തിവരുന്നത്. ഓരോ തട്ടിനും ഒന്നോ രണ്ടോ സെന്റ് ഭൂമി മാത്രമേ വലിപ്പം കാണുകയുള്ളൂ. പച്ചപ്പണിഞ്ഞ ഇവയ്ക്കു കാറ്റു പിടിയ്ക്കുമ്പോൾ നമ്മുടെ മനസ്സും കുളിരണിയും. മലയുടെ പൊക്കമനുസരിച്ച് താഴേയ്ക്കു താഴേയായുള്ള ഈ കൃഷി രീതി അതിവൃഷ്ടിയിൽ ചിലപ്പോൾ ഒന്നായി പൊട്ടി ഒലിച്ചു പോവുകയും ചെയ്യാം. അതുണ്ടാകാതിരിക്കാൻ അകത്തേയ്ക്ക് ചരിച്ചാണ് കൃഷി ഭൂമി ക്രമപ്പെടുത്തിയിരിക്കുന്നത്. അധിക ജലം ഒഴുകി പോകാനുള്ള നീർചാലുകളും അവയ്ക്കുണ്ട്.

അഞ്ചും ആറും പേരുള്ള ഗ്രൂപ്പുകളായി തിരിഞ്ഞായിരുന്നു സൈനാചരട്ടിയിലെ ഞങ്ങളുടെ ഗ്രാമദർശനം. അല്പം കഴിഞ്ഞപ്പോൾ ഞങ്ങൾ അവിടെ രണ്ടു ഗ്രൂപ്പായി ഒറ്റപ്പെട്ടു. അല്പം അന്ധാ

ളിച്ചെങ്കിലും അരമണിയ്ക്കുറിനു ശേഷം കൂവിയും വിളിച്ചും വീണ്ടും ഒന്നിച്ചു. ഇരുളിന്റെ വരവിൽ അവിടെ അല്പം അന്ധാളിച്ചുവെന്നത് സത്യം. കാരണം ഒരു വൻ ദുരന്തമുണ്ടായ സ്ഥലമായിരുന്നു അത്. അവിടെ 20 കോടിയിലധികം ചെലവഴിച്ചു നിർമ്മിച്ച ഉൻസാല പാലം അതി വൃഷ്ടിയിൽ ഒലിച്ചു പോവുകയായിരുന്നു. രണ്ടു മലകളെ തമ്മിൽ ബന്ധപ്പിച്ചിരുന്ന ആ പാലം പ്രളയ ജലത്തിലെ ഭൂമിയും വൻ മരങ്ങളും ഒഴുകി വന്നിടിച്ച് തകരുകയായിരുന്നു. നിരവധി വീടുകളും സ്ഥലങ്ങളും വളർത്തു മൃഗങ്ങളും ഏതാനും ഗ്രാമ വാസികളും ആ പ്രളയത്തിൽ ഒലിച്ചുപോയി. അഞ്ഞൂറ് ഏക്കർ കൃഷി ഭൂമിയും അതിലെ വിളകളും അന്ന് യമുനയിൽ ഒഴുകി. യമുനാ നദിയുടെ നീരൊഴുക്ക് തടസ്സപ്പെടുത്തി വൻ പാറകല്ലുകൾ മാറ്റാൻ കഴിയാതെ ഇന്നും സ്മാരക ശിലകൾ പോലെ യമുനയിൽ കുടികൊള്ളുന്നു. പല സ്ഥലങ്ങളിലും ഇതുപോലെയുള്ള കാഴ്ചകൾ ഹിമാലയൻ യാത്രയിൽ ഞങ്ങൾക്കു കാണാൻ കഴിഞ്ഞു. ഇപ്പോഴും ഒരു പ്രേത ഭൂമിപോലെ അതവിടെ നിലകൊള്ളുന്നു. പ്രകൃതിയെ അറിയാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിനാശകരമായ ദൃഷ്ടാന്തമാണ് അന്നവിടെ ഉണ്ടായതെന്ന് സന്ദർശകരായെത്തുന്ന ആർക്കും മനസ്സിലാക്കാൻ കഴിയും. സൈനാചട്ടിയിലെ ഗ്രാമ ദർശനങ്ങളുടെ വിശേഷങ്ങളുമായാണ് അന്നത്തെ രാത്രിയിൽ ഞങ്ങൾ നീലം ഹോട്ടലിൽ ഒന്നിച്ചു കൂടിയത്.

അന്ന് രാത്രി കുളി കഴിഞ്ഞ് യാത്രാനുഭവങ്ങൾ പങ്ക് വച്ച് ഭക്ഷണം കഴിച്ചു. അടുത്ത ദിവസത്തെ യാത്രയെ കുറിച്ചായിരുന്നു പിന്നെയുള്ള ചർച്ച. ഏതാണ്ട് എൺപത് കിലോമീറ്റർ അകലെയാണ് ചതുർധാമങ്ങളിലൊന്നായ യമുനേത്രയിലേയ്ക്കാണ് ആ യാത്ര. വഴിയ്ക്ക് രണ്ടുമൂന്ന് പ്രധാന സ്ഥലങ്ങളും സ്നാന ഘട്ടങ്ങളുമുണ്ട്. എല്ലാം ദുർഘട പാതകൾ തന്നെ.

### ജാനകി ബായിചട്ടി

ഉൺസാലയിലെ ചെറുപട്ടണത്തിൽ നിന്നും രാവിലെ കുളിയും ധ്യാനവും ചായയും കഴിഞ്ഞ് ആറരയ്ക്കു തന്നെ ഗംഗോത്രിയിലേയ്ക്ക് പുറപ്പെട്ടു. വളഞ്ഞും പുളഞ്ഞും ചരിഞ്ഞുമുള്ള

റോഡിലെ ബസ് യാത്ര ഏറെ ഉലച്ചിൽ ഉളവാക്കുന്നതായിരുന്നു. കൂടാതെ മഴവെള്ളം പലസ്ഥലങ്ങളിലും കെട്ടിനിൽക്കുന്നുണ്ടായിരുന്നു. തന്നെയുമല്ല വീതി കുറവും തന്മൂലം വേഗത കുറച്ചു.

വിജനമായ സ്ഥലങ്ങളായിരുന്നു പീന്നീടുവന്നു തുടങ്ങിയത്. വല്ലപ്പോഴും ചില കടകൾമാത്രം. അങ്ങിനെയങ്ങിനെ തണുത്ത പ്രഭാതത്തിൽ ബസ്സ് ഒരു ചെറു ഗ്രാമതല സ്ഥാനത്ത് എത്തി നിന്നു. അവിടെ കടകൾ തുറന്നു വരുന്നതേയുള്ളൂ. ഒരു കടയുടെ ബോർഡ് വായിച്ചു. ജാനകിബായിഛട്ടി ചെറിയ ചെറിയ ചായക്കടകൾ വോണ്ടുവോളമുണ്ട്. വഴിയാത്രികർ മാത്രമാണ് ഉപഭോക്താക്കൾ. വലിയ കടകളല്ല എങ്കിലും ഒന്നോ രണ്ടോ ബഞ്ചുകൾ ആ കടകൾക്കു മുന്നിൽ യാത്രക്കാരെ കാത്തു കിടന്നിരുന്നു. ചെറു തരത്തിലുള്ള വില്പന വസ്തുക്കളുമുണ്ട്. സോപ്പ്, ചീപ്പ്, റ്റൂത്ത് ബ്രഷ്, പേസ്റ്റ് തുടങ്ങിയ ജാനകിബായിഛട്ടിയിൽ തന്നെ ചില ചെറുതരം ഭജന മഠങ്ങളും കണ്ടു. ഹനുമാൻഛട്ടി എന്ന ഹനുമാൻ ക്ഷേത്രവും ഇതിനടുത്താണ്. ഹനുമത് വിചാരം ഏറെയുള്ള ദിക്കാണിതെന്ന് യാത്രികർ അറിയുന്നു. ഹനുമാൻ ഇഷ്ടവര പ്രസാദിയാണെന്നാണു വിശ്വാസം. എല്ലാ കടമ്പകളേയും അതിജീവിക്കുവാനുള്ള ശക്തി ഹനുമാൻ സ്വാമി നല്കുമെന്നാണ് ഭക്തജനങ്ങളുടെ വിശ്വാസം. രാമായണ കഥയിൽ ശ്രീരാമലക്ഷ്മണന്മാർക്ക് മോഹാലസ്യമുണ്ടായപ്പോൾ ഹനുമാൻ മരുന്നു തേടി വന്നത് ഹിമാലയത്തിലെ ഈ പുണ്യഭൂമിയിലാണെന്നാണ് കരുതപ്പെടുന്നത്. മരുന്നു മനസ്സിലാകാതെ വന്നപ്പോൾ ഹനുമാൻ മരുന്നു മല തന്നെ പിഴുതെടുത്ത് ചുമലിലേറ്റി ലങ്കാരാജ്യത്തേയ്ക്ക് പറന്നു പോയെന്നാണ് ഐതിഹ്യം. മാരുതി പുത്രനായ ഹനുമാന് ഈ ശക്തി ലഭിച്ചത് ശ്രീരാമഭക്തിയിൽ നിന്നാണെന്ന് കരുതപ്പെടുന്നു. ലങ്കാരാജ്യത്ത് മരുന്നു മലയുമായി പോകുമ്പോൾ ഹനുമാന്റെ കൈയ്യിൽ നിന്നും അടർന്നു വീണ ഒരു ഭാഗം തെക്കൻ തിരുവിതാം കൂറിൽ മരുത്വാമല എന്ന പേരിൽ ഇന്നും അറിയപ്പെടുന്നു. എല്ലാ വിധ പച്ചമരുന്നുകളും ഇന്നും സുലഭമായി ലഭിക്കുന്ന ഒരിടമാണ് മരുത്വാമല. ശ്രീനാരായണഗുരു ഒരിയ്ക്കൽ ഇവിടെ തപസ്സ് ചെയ്തിട്ടുണ്ട്.

ജാനകിബായിഛട്ടിയിൽ നിന്നും യമുനോത്രിയിലേക്ക് ബസ്സില്ല. ജീപ്പുകളും കടക്കാറില്ല. എട്ടടിപാതയാണ്. കുതിര, ഡോളി,

പല്ലക്ക് എന്നിവയാണ് യാത്രാമാർഗ്ഗം. ഭാരം കുറഞ്ഞയാൾക്കും കുട്ടികൾക്കും പോകാവുന്ന ഒറ്റക്കുട്ട യാത്ര (പുറത്തു തൂക്കിയിടുന്ന കസേരക്കുട്ട) യുമുണ്ട്. ഇരുപത് കിലോമീറ്റർ അകലെയാണ് യമുനോത്രി എന്ന യമുനയുടെ ഉത്ഭവസ്ഥാനം. ചതുർധാമങ്ങളിലെ ഏറെ പ്രസിദ്ധമായ യമുനോത്രി ക്ഷേത്രം അവിടെയാണ്. ഹനുമാൻചട്ടിയിൽ നിന്നും നടന്നും അങ്ങോട്ടുപോകാം.

---

# മൈത്രിയുടെ തൂവൽ സ്പർശം

*ദർശനം പത്രാധിപരായിരുന്ന പ്രൊഫസർ വി. മുരളീധര മേനോൻ നമ്മെവിട്ട് പിരിഞ്ഞിട്ട് ആഗസ്റ്റ് 14ന് രണ്ടുവർഷം തികയുന്നു. അദ്ദേഹത്തിന്റെ മഹത്വത്തെ കുറിച്ച് ഒരവലോകനം നടത്തുകയാണ്.*

തിരുവനന്തപുരത്തു നിന്നും രാധാമണിചേച്ചി. കഴിഞ്ഞ മുപ്പതു വർഷങ്ങളായി എനിക്കു സാറിന്റെ കുടുംബവുമായി ഒരു ആത്മബന്ധമുണ്ട്. ബാല്യത്തിൽ തന്നെ ആദ്ധ്യാത്മിക ലോകത്തിലേയ്ക്കുള്ള വാതിൽ എന്റെ അമ്മ തുറന്നു തന്നുവെങ്കിലും വിശിഷ്ടരും ദിവ്യരുമായ പല മഹാത്മാക്കളിലേയ്ക്കുള്ള പാത കാണിച്ചു തന്നത് മേനോൻ സാർ ആയിരുന്നു.

ശ്രീരാമ കൃഷ്ണ പ്രസ്ഥാനം, രമണ മഹർഷിയും അദ്ദേഹത്തിന്റെ തത്വചിന്തകളും, പ്രപഞ്ചത്തിന്റെ നിഗൂഢതയിലേയ്ക്ക് പ്രവേശിച്ച് അത്ഭുതങ്ങൾ കാണിച്ച ശ്രീ. ചട്ടമ്പിസ്വാമികളും എന്നിലേയ്ക്ക് പ്രവേശിച്ചത്. മേനോൻസാർ വഴികാട്ടി ആയപ്പോഴാണ്. അവരുടെ സ്പന്ദനങ്ങൾ ഉൾകൊണ്ട സ്ഥലങ്ങളിൽ എത്തുക അനുഭവങ്ങളും അനുഭൂതികളും സ്വായത്തമാക്കുക, ഇവയെല്ലാം ജീവിതത്തിലെ അമൂല്യ അവസരങ്ങളായി നിലനിൽക്കുന്നു.

20-ാം നൂറ്റാണ്ടിലെ ഈശ്വര സാക്ഷാത്കാരം നേടിയ ഋഷിയും, ജ്ഞാനിയുമായ ശ്രീമദ് രംഗനാഥാനന്ദസ്വാമികളുമായിട്ടുള്ള കൂടികാഴ്ചകളും അദ്ദേഹത്തിൽ നിന്ന് ഉപദേശങ്ങളും, മന്ത്രദീക്ഷയും സ്വീകരിക്കാനുള്ള പശ്ചാത്തലം ഒരുക്കിയതും മേനോൻ സാറിന് എന്നോടുള്ള സ്നേഹംകൊണ്ടു മാത്രമായിരുന്നു.

മൈത്രീഭാവം അത് എങ്ങനെയാണെന്ന് അമൃതാനന്ദമയി ആശ്രമത്തിലെ ആശുപത്രി മുറിയിൽ മേനോൻ സാർ കിടന്ന സന്ദർഭത്തിൽ കണ്ടറിഞ്ഞു. Universal Oneness അവിടെ ആരും അന്യരല്ലായിരുന്നു. നെതർലൻഡ്, ഹോളണ്ട്, സ്പെയിൻ, പോർട്ടുഗൽ, കേരളം, ബോംബെ എല്ലായിടത്തു നിന്നുമുള്ള മിത്രങ്ങൾ മേനോൻ സാറിനെ ശുശ്രൂഷിക്കുന്നതിലും സുഷമച്ചേച്ചിയെ സഹായിക്കുന്നതിലും അഹോരാത്രം ബദ്ധശ്രദ്ധരായിരുന്നു.

2012 ആഗസ്റ്റ് 14-ാം രാവിലെ ഈശ്വരനാമം ജപിച്ച് ആ ഗുരുശ്രേഷ്ഠൻ പരമപദം പ്രാപിച്ചു. ചടങ്ങുകൾ ആശ്രമത്തിൽ തന്നെ നടന്നു. ദേഹം വിടുന്നതിന് മുമ്പ് ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചോർത്ത് മേനോൻ സാർ വളരെ അസ്വസ്ഥനായിരുന്നു. സാറിനെ കാണാൻ ആലപ്പുഴയിലും അമ്പലപ്പുഴയിലുമെല്ലാം ഞാൻ ചെല്ലുമ്പോൾ സാറിന്റെ വ്യാകുലത പ്രകടിപ്പിക്കുമായിരുന്നു.

എന്തായിത്? ഈ ലോകത്തിന് എന്താണു സംഭവിക്കുന്നത്? ഇതിന്റെ ഗതി എങ്ങോട്ടാണ്. മനുഷ്യർക്ക് ആർക്കും ആരേയും വേണ്ടാതായിരിക്കുന്നു. എവിടെ നോക്കിയാലും വിദ്വേഷം. സ്നേഹവും പരിഗണനയും മറഞ്ഞിരിക്കുന്നു. എല്ലാം ഒരു പ്രകടനം. അമേരിക്കയിൽ പോകുക എന്നുവെച്ചാൽ സ്വർഗ്ഗം കിട്ടിയതു പോലെയാണ്. നമ്മുടെ സംസ്കാരം തീരെ മറക്കുന്നു. അദ്ദേഹത്തിന്റെ ചോദ്യം, ചിന്ത, അവശേഷിക്കുകയാണ്. എന്താണ് ഇവിടെ സംഭവിക്കുന്നത്?

കുടുംബത്തിലും സമൂഹത്തിലും, രാജ്യത്തിനകത്തും അന്താരാഷ്ട്ര മേഖലയിലും, എല്ലാം ഒരേ കാര്യം തന്നെ സംഭവിക്കുന്നു. പരസ്പരം ഐക്യം ഇല്ലായ്മ. സ്നേഹമില്ലായ്മ മറ്റുള്ളവരെ എത്രത്തോളം അവഗണിക്കാമോ അത്രയും, തൻകാര്യം നോക്കാൻ മിടുക്ക്.

“തന്നെപോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കു.” യേശുക്രിസ്തു പഠിപ്പിച്ചു എന്നിട്ടെന്തായി? ശിഷ്യർ പലവിഭാഗങ്ങളായി പിരിഞ്ഞ് പോരടിക്കുന്നു. സർവ്വലോക സാഹോദര്യം Universal brother hood പ്രവാചകൻ പഠിപ്പിച്ചു. എന്താഫലം? പ്രവാചകൻ പഠിപ്പിച്ചതിനു വേറെ അർത്ഥം നൽകി ആരെയും കൊല്ലാനും തകർക്കാനും മടിയില്ലാത്ത ഒരു കൂട്ടം ആളുകൾ അവരുടെ തത്വ

സംഹിതകൾ സൃഷ്ടിക്കുന്നു.

ഈശ്വരൻ എല്ലായിടത്തും വസിക്കുന്നു. എന്ന് വേദങ്ങൾ ഉപദേശിച്ചു. അത് പഠിപ്പിച്ച വിദ്യാന്മാർ തൊട്ടുകൂടായ്മയുടെയും തീണ്ടലിന്റെയും പേരിൽ കൂടെപിറപ്പുകളായ മനുഷ്യ ജീവികളെ മൃഗങ്ങൾക്കു തുല്യം കണക്കാക്കി. മൈത്രി-കരുണ-സന്തോഷം സമദർശനം, ഇവ ജീവരാശികളുടെസന്തോഷകരമായ നില നിൽപ്പിനു ബുദ്ധൻ നൽകിയ സംഭാവനകളാണ്. കഞ്ഞിപ്പാട ത്ത്, അയൽക്കൂട്ടപ്രസ്ഥാനത്തിലൂടെ മാനുഷിക ധ്യാനം ചെയ്ത്, മൈത്രി ഭാവം നിലനിർത്താനുള്ള പരിശീലനം കുറുപ്പ് സാർ നല്കി. നമുക്ക് പഠിക്കാനായോ?

ആരു പഠിപ്പിച്ചാലും ഓരോ മനുഷ്യനും തനിയെ ചിന്തിക്ക ണം. ചിന്തകൾ ഉദിക്കുമ്പോൾ അത് ക്രിയാത്മകമായാലും, നാശോ ന്മുഖമായാലും ചിന്തകൾക്കൊപ്പം അതിശക്തമായ ഊർജ്ജം പ്രപ ഞ്ചത്തിലേയ്ക്ക് പ്രസരിക്കുന്നു. നാശോന്മുഖമായ ചിന്തകൾ വെടി മരുന്നിന്റെ ഫലമാണ് ഉളവാക്കുന്നത്. ചെറിയ ഒരു തീപ്പൊരി മതി പൊട്ടിതെറിച്ച് സർവസംഹാരിയായ അഗ്നിയായി പടർന്ന് സർവ്വതും ചുട്ടുചാമ്പലാക്കാൻ. പകയുടെ അഗ്നി ഓരോരുത്തരുടെയും ഉള്ളിൽ, പ്രത്യേകിച്ച് നേതാക്കന്മാരുടെയും, രാഷ്ട്ര തലവന്മാരു ടെയും ഉള്ളിൽ എരിയുകയാണ്. അത് പുറത്തേക്ക് പ്രവഹിച്ച് അണി കളിലേക്ക് പടർന്നാൽ മതി ലോകം വെന്ത് വെണ്ണീറാകാൻ.

ചിന്തകൾക്കു മരണമില്ല. അഭൗമമായ ഒരു ശക്തിവിശേഷം പ്രപഞ്ചത്തിലാകെ ലീനമായി നിലകൊള്ളുന്നു. അത്ഭുതങ്ങൾ സൃഷ്ടിക്കാൻ ഈ ശക്തിയ്ക്ക് കഴിവുണ്ട് അത് സ്നേഹമാണ്.

തമിഴിൽ ഒരു ചൊല്ല് ഉണ്ട്. "അൻപേ ശിവം" "ശിവം സ്നേഹ മാണ് എന്നാണതിന്റെ അർത്ഥം. ശിവത്തിനർത്ഥം ചൈതന്യം. അതായത് ആത്മാവ്. ആത്മാവിന് ജാതിയില്ല, മതമില്ല. ലിംഗഭേദമി ല്ല. ഓരോ മനുഷ്യനിലും മാത്രമല്ല എല്ലാ ജീവജാലങ്ങളിലും ആത്മാ വ് അഥവ ചൈതന്യം ജീവശക്തിയായി നിലകൊള്ളുന്നു. ശിവം ശരീരം വിട്ടുപോകുമ്പോൾ ശരീരം "ശവ"മായി മാറുന്നു. നിശ്ചല മായ ജഡമായിത്തീരുന്നു. ശിവം ശരീരത്തിൽ ഉള്ളപ്പോൾ മാത്രമേ ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളും മനസ്സ്, ബുദ്ധി, അഹ ങ്കാരം എന്നീ ഉപാധികളും ശരീരത്തിൽ പ്രവർത്തിക്കുകയുള്ളൂ.

പ്രാണൻ ശരീരം വെടിയുമ്പോൾ ആത്മാവിനൊപ്പം മനോ, ബുദ്ധി,അഹങ്കാരങ്ങൾ മറ്റു ലോകങ്ങളിലേയ്ക്ക് യാത്ര ആരംഭിക്കുന്നുവെന്ന് വേദങ്ങൾ വെളിപ്പെടുത്തുന്നു. ഭൂലോകത്തിൽ, മനുഷ്യ ജീവി മാത്രമേ ഈ അറിവ് നേടുന്നുള്ളൂ. മനുഷ്യ ജന്മം ശ്രേഷ്ഠമാണ്. ലഭിച്ച ജന്മം സഫലമാക്കാനുള്ളതാണന്ന് ഓർമ്മിക്കണം. അതനുസരിച്ച് ജീവിക്കണം. ഇതൊക്കെ സാറിൽ നിന്നും കേട്ട് പഠിച്ചിട്ടുണ്ട്. ഗംഗാ പ്രവാഹംപോലെ സാറിൽ നിന്നും ഈ ജ്ഞാനം സമൂഹത്തിലേയ്ക്ക് ഒഴുകികൊണ്ടിരുന്നു. എത്രയോ വിദ്യാർത്ഥികളും മിത്രങ്ങളും ഈ ജ്ഞാന ഗംഗയിൽ നീന്തിതുടിച്ച് ശാന്തിയുടെ തീരത്തെത്തി. കുറുപ്പുസാർ അത് തിരിച്ചറിഞ്ഞു. അങ്ങനെ ദർശനം പത്രാധിപരായി. മേനോൻസാറിന്റെ ദേഹവിയോഗത്തിനുശേഷം എസ്.ഡി. കോളേജിലെ സഹപ്രവർത്തകരായിരുന്ന അദ്ധ്യാപകരും ശിഷ്യരും ചേർന്ന് മുരളീധരമേനോൻ ഫൗണ്ടേഷന് രൂപം കൊടുത്തു പ്രവർത്തിച്ചുവരുന്നു. ഉദ്ഘാടനത്തിന് ഞാനും പോയിരുന്നു. കോളേജിലെ എല്ലാ വിഭാഗത്തിലും പ്രവർത്തിച്ചിരുന്ന അദ്ധ്യാപക സുഹൃത്തുക്കളും, വിദ്യാർത്ഥികളും വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിയ സാഹിത്യ സാംസ്കാരിക പ്രതിഭകളും സുഹൃത്തുക്കളും നിറഞ്ഞ സദസ്സ്, മുരളീധര മേനോൻ സാർ ഓരോരുത്തരിലും ചെലുത്തിയിരുന്ന സ്വാധീനം പ്രകടിപ്പിക്കുന്ന ദൃശ്യമായിരുന്നു. ഈ ഗുരുവിന്റെ ശ്രേഷ്ഠ ചിന്തകൾ നമുക്ക് മാർഗദർശകമാകട്ടെ എന്ന പ്രാർത്ഥനയോടെ പ്രണാമം.

**ബി. രാധാമണി** ഫോൺ 0471 2355614.

---

## കൊച്ചുവർത്തമാനം

### "ഉദയമില്ലാതില്ല അസ്തമയം ഉണരൂ മനസ്സേ ഉണരൂ"

നല്ല കവിതാ ശകലമാണ്. ഹിമാലയത്തിന്റെ താഴ്വരയിൽ നിന്ന് കൈലാസം കാണും പോലെ കയറാൻ തുടങ്ങിയിട്ടില്ല. എന്നും വിചാരിക്കും ചികിത്സാ പുസ്തകങ്ങളൊക്കെ പഠിക്കണം, ശ്രദ്ധയോടെ മരുന്ന് കൊടുക്കണം, ക്ഷമകൈവിടാതെ സ്വധർമ്മം നിർവഹിക്കണം, മാനുഷിക ധ്യാനം നടത്തണം എന്നൊക്കെ. എവിടെ നടക്കാനാണ്. അശ്രദ്ധമായ ദിനങ്ങളുടെ പുനരാവർത്തന

മായി ജീവിത യാത്ര തുടരുന്നു. അതിനാൽ കർമ്മഫലങ്ങൾ ഉരുണ്ടുകൂടി ജീവിത യാത്രയിൽ മുന്നേറാനാകാതെ പ്രതിസന്ധികൾ രൂപം പ്രാപിക്കുന്നു. പിന്നെ അവയിൽ നിന്നും രക്ഷപ്പെടാനുള്ള പോരാട്ടമാണ്. എങ്ങിനെ വിജയിക്കാനാണ് മനസ്സ് ആത്മഭാവങ്ങളിലേയ്ക്ക് ഉയരാതെ വെറുതെ കപ്പലണ്ടിയും പെറുക്കി നടക്കുകയാണ്. ആരെ കാണുമ്പോഴും ഇതെന്റെ സഹോദരനാണ്, അല്ലെങ്കിൽ സഹോദരിയാണ്. എന്ന ഭാവത്തിലേയ്ക്ക് മനസ്സ് ഉയരുന്നുണ്ടോ? അതോ മനസ്സിൽ ശേഖരിച്ച് വച്ചിരിക്കുന്ന വെറുപ്പും വിദ്വേഷവും ഒക്കെ സടകുടഞ്ഞ് എഴുന്നേൽക്കുന്നുണ്ടോ? ഉണ്ടെങ്കിൽ നമ്മുടെ പ്രശ്നങ്ങളുടെ വേരുകൾ തേടി എങ്ങും യാത്ര ചെയ്യേണ്ടതില്ല. എല്ലാം സ്വന്തം മനസ്സിൽ തന്നെ. സ്വന്തം മനസ്സ്കൊണ്ട് തന്നെ കുരുക്കഴിക്കുക. ദുഷ് ചിന്തകളെല്ലാം കൂടി കൂട്ടിയിട്ട് കത്തിച്ചുകിട്ടുന്ന വെട്ടത്തിൽ മനസ്സിന്റെ ഉള്ളിലെ ഖനിയുടെ വാതിൽ തുറക്കുക. അപ്പോൾ നമ്മിലെ ആത്മഭാവങ്ങൾ ഉണരും. നമ്മളെല്ലാം ബന്ധുക്കളാണെന്ന ഭാവം ഉണരുവാൻ തുടങ്ങും. താണതല ചിന്തകളെല്ലാം അസ്തമിക്കും. ഭ്രാന്താലയമായ നമ്മുടെ മനസ്സ് മൈത്രീ ഭാവനകൊണ്ട് നിറയും അതിനായി ഉണരൂ മനസ്സേ ഉണരൂ.

ശുഭ ചിന്തകളുടെ ഈ കൊടിയും ഉയർത്തി ജീവിതയാത്ര നടത്താമെന്നല്ലാതെ ലക്ഷ്യം കൈവരിക്കുക അത്ര എളുപ്പമല്ല. എന്നു കരുതി കൊടി ചുരുട്ടുകയും അരുത്. അറിവ് ബോധമാകാനുള്ള ശ്രമം നിരന്തരം നടത്തണം. ഇപ്പോൾ നമുക്ക് അറിവുണ്ട് പക്ഷേ അതുബോധമാകാത്തതിനാൽ നമ്മുടെ ചിന്തയും വാക്കും പ്രവർത്തിയും ഒരേ താളത്തിൽ ആകുന്നില്ല. ഭവിഷ്യത്തിനെ കുറിച്ച് ചിന്തിക്കുവാൻ ആകാതെ കർമ്മം ചെയ്ത് കുരുക്കിൽപ്പെടുന്നു. ഇവിടെ ഇതാ ദർശനത്തിന്റെ ജോലികൾപോലും അവതാളത്തിൽ. മണിഓർഡർ ഫോമിൽ ഒപ്പിടുമ്പോൾ മാത്രം ഒരു മനസാക്ഷികുത്ത് തോന്നും. പിന്നീട് അതങ്ങ് മറക്കും അത്രതന്നെ. എങ്കിലും ഉപദേശിക്കുവാൻ ഒരവസരം കിട്ടിയാൽ പിന്നെ വിടുകയില്ല. അച്ഛനിൽ നിന്നും മേനോൻ സാറിൽ നിന്നും കേട്ടതൊക്കെ എടുത്ത് പ്രയോഗിക്കും. വന്നുപെട്ടവന്റെ കഷ്ടകാലം. ഈ പറയുന്ന ആശയങ്ങളുടെ ഒരംശം എടുത്ത് കഞ്ഞിവെച്ച് കുടിച്ചിരുന്നുവെങ്കിൽ എന്നേ രക്ഷപ്പെടുമായിരുന്നു. ഈയിടെ ഒരു മരണവീട്ടിൽ ചെന്നപ്പോഴും ഇതു സംഭവിച്ചു. വണ്ടാനത്ത് ശ്രീ വിലാസത്തിൽ ബാബു (രാധാ

കൃഷ്ണൻ നായർ, (58) റി: റയിൽവേ എൻജിനീയർ ) ബന്ധുവാണ്. തോളിലെ അസ്ഥിക്കുണ്ടായ അർബുദരോഗബാധയെ തുടർന്ന് അന്തരിച്ചു. സഹധർമ്മിണിയായ രാധികയുടെ അപ്പൂപ്പനായിരുന്നു ദർശനം ആദ്യകാല പത്രാധിപരായിരുന്ന ശ്രീധരപണിക്കർ ബാബു ഈശ്വരഭക്തനായിരുന്നു. ചിട്ടയോടെയുള്ള ജീവിതക്രമം. ധാർമികത കൂടെപിറപ്പായിരുന്നു. എന്നിട്ടും ഗൗരവമായ രോഗം പിടിപെട്ടു. വിവരം അറിഞ്ഞ് അനന്തിരവൾ ഡോ: സിന്ധു അമ്മാവനെ കൊണ്ടുപോയി വൈദ്യശാസ്ത്രത്തിന് കഴിയുന്നതെല്ലാം ചെയ്തു. വിധി തടയാനാവില്ലല്ലോ. അർബുദം ശ്വാസകോശത്തിലേയ്ക്ക് വ്യാപിച്ചപ്പോൾ മനുഷ്യന്റെ കഴിവുകളെല്ലാം അസ്തമിച്ചു. സിന്ധു മടിയിൽ കിടത്തി ഈശ്വരനാമം ചൊല്ലികൊടുത്തു. ബാബു അത് ഏറ്റുചൊല്ലി. പുഞ്ചിരിച്ചുകൊണ്ട് വിടപറഞ്ഞു.

അസുഖവിവരം അറിഞ്ഞ് ഒരു ദിവസം ബാബുവിനെ കാണാൻ പോയി. ബാബു ദർശനം ശ്രദ്ധയോടെ വായിച്ചിരുന്നു. കഴിഞ്ഞലക്കത്തിന്റെ മാറ്റർ ഞാൻ അടുത്തിരുന്ന് വായിച്ച് കേൾപ്പിച്ചു. രോഗബാധിതനായിരുന്നതിനാൽ ഇടയ്ക്ക് വായന ഒന്ന് നിർത്തി തുടരണമോ എന്ന് ചോദിച്ചു. നിർത്തരുത്, ഇത് കേൾക്കുമ്പോൾ വളരെ സുഖം തോന്നുന്നു എന്ന് പറഞ്ഞ് പരസ്പരാനന്ദത്തിലാണ് ഞങ്ങൾ അന്ന് പിരിഞ്ഞത്. പിന്നീട് കണ്ടപ്പോൾ ബാബുദേഹം വിട്ടിരുന്നു. ഇപ്പോൾ ഒരാഴ്ച കൂടി കഴിഞ്ഞു. രാത്രി ലതയുമായി ബാബുവിന്റെ വീട് വരെ ഒന്ന് പോയി. കുടുംബാംഗങ്ങൾ എല്ലാവരും ഉണ്ടായിരുന്നു. രാധികയുടെ സഹോദരിമാർ ലതയും ലേഖയും മക്കളായ രമ്യയും രോഹിതും രമ്യയുടെ ഭർത്താവ് പ്രവീണും അവരുട കുട്ടി മുകുന്ദും ഉൾപ്പെട്ട ചെറിയ ഒരു സദസ്സ്. ശോകാന്തരീക്ഷം. ഞങ്ങൾ ബാബുവിനെ കുറിച്ചും മരണത്തെ കുറിച്ചും ഒക്കെ സംസാരിച്ചുകൊണ്ടിരുന്നു. അപ്പോൾ രാധിക ഒരു സംശയം ഉന്നയിച്ചു. ബാബുചേട്ടൻ സത്യസന്ധനായി ജീവിച്ചു. ലഹരികളൊന്നും ഉപയോഗിച്ചിട്ടില്ല. ആരോഗ്യവും ശ്രദ്ധിച്ചിരുന്നു. എന്നിട്ട് എന്തുഫലം. മനുഷ്യർ അവരുടെ ഇഷ്ടംപോലെ ജീവിക്കട്ടെ എന്നാണ് എനിക്കിപ്പോൾ തോന്നുന്നത്. മദ്യമോ മാംസമോ കഴിക്കട്ടെ, ഒന്നും കഴിക്കാഞ്ഞിട്ട് ഇതാണ് സ്ഥിതി. ഏതായാലും മരിച്ചുപോകും. ധാർമിക ജീവിതംകൊണ്ട് എന്തു നേട്ടമാണ്. ഇതും പറഞ്ഞ് സങ്കടപ്പെട്ടു. ഒന്നും മിണ്ടാനാവാതെ കുറേ നേരം ഞങ്ങൾ അടുത്തിരുന്നു. രാധി

കയുടെ സംശയം വളരെ പ്രസക്തമാണ്. വളരെ മൃദുസ്വരത്തിൽ എനിക്കറിയാവുന്ന കാര്യങ്ങൾ ഞാൻ പറഞ്ഞു. മരണം ശരീരത്തിന് മാത്രമാണ്. ജീവന് ഒന്നും സംഭവിക്കുന്നില്ല. ജനിച്ചാൽ മരിക്കും എന്നുള്ളത് എത്രമാത്രം സത്യമാണോ അതുപോലെ സത്യമാണ് മരിച്ചാൽ ജനിക്കും എന്നുള്ളത്. ഈ മരണമെന്ന് പറയുന്ന വാതിലിനപ്പുറം എന്താണ് സംഭവിക്കുന്നതെന്ന് നമുക്ക് നിശ്ചയമില്ല. അതാണ് നമ്മുടെ ദു:ഖകാരണം. മരിച്ചുപോയ ആൾ ഈ ജീവിതത്തേക്കാൾ ഉത്തമമായ ഒരവസ്ഥയിലേയ്ക്കാണ് പ്രവേശിക്കുന്നതെന്ന് ആചാര്യന്മാർ പറയുന്നു. തന്റെ മരണസമയത്ത് അടുത്തിരുന്ന് കരയുന്ന ആനന്ദനോട് ബുദ്ധൻ പറഞ്ഞു. "എനിക്കൊരു നല്ല കാലം വരുന്നതിൽ നിനക്ക് അസൂയ ആണോ? ഈ ജീവിതത്തേക്കാൾ മധുരമേറിയതാണ് മരണാനന്തര ജീവിതം". ജീവിതാവസാനത്തോടെ എല്ലാം അവസാനിക്കുന്നുവെന്ന ധാരണ ശരിയല്ല. ഇവിടെ ഒരു കർമ്മവും വെറുതെ ആവുന്നില്ല. സത്കർമ്മങ്ങൾക്ക് സത്ഫലങ്ങളും ദുഷ്കർമ്മങ്ങൾക്ക് അതിനനുസരിച്ചുള്ള ഫലങ്ങളും ഉണ്ടാകും. അത് പ്രപഞ്ചനിയമമാണ്. ആകാശത്തിനും ഭൂമിക്കും മാറ്റം സംഭവിച്ചാലും ഈ വാക്കുകൾക്ക് മാറ്റം ഉണ്ടാവുകയില്ല. സ്വന്തം മനസ്സിനെ ശ്രദ്ധിക്കണം. അവനൊരു പിടികിട്ടാപുള്ളിയാണ്. നോക്കൂ ജീവിതത്തിൽ എന്തെല്ലാം അബദ്ധങ്ങൾ നമുക്ക് സംഭവിച്ചിട്ടുണ്ട്. അതിന്റെ ഒക്കെ യഥാർത്ഥ കാരണക്കാരനെ അന്വേഷിച്ചാൽ നമ്മുടെ  മനസ്സായിരുന്നു കുഴപ്പക്കാരൻ എന്നാ കാണാം. എന്നാലും അവനെ നമ്മൾ ഇപ്പോഴും പൂർണ്ണമായി വിശ്വസിക്കുന്നു. സംശയമുള്ളത് മഹാത്മാക്കളുടെ വാക്കുകൾ മാത്രമാണ്. നല്ലതുമാത്രം ചെയ്ത ബാബുവിന് നല്ലതുതന്നെ സംഭവിക്കും. ബാബു ഇപ്പോൾ ശരീരത്തിന്റെ പരിമിതി വിട്ട് അനശ്വരനായി. എപ്പോഴും കൂടെയുണ്ട് എന്ന് കരുതി ജീവിതയാത്ര തുടരുക. കുഞ്ഞേ, എന്റെ അച്ഛൻ മരിച്ചു എന്ന് ആരു പറഞ്ഞു. അടുത്ത സ്മരണാഞ്ജലിയ്ക്ക് കഞ്ഞിപ്പാടത്തേയ്ക്ക് വരിക. അവിടെ കുറുപ്പ് സാർ ഉണ്ടാകും നേരിട്ട് കാണാം.

നാം നമ്മുടെ സ്നേഹം വീട്ടിൽ ഒതുക്കാതെ വികസിപ്പിച്ച് ചുറ്റുവട്ടത്തേക്ക് വ്യാപിപ്പിക്കണം. മനസ്സ് വികാസം പ്രാപിക്കുമ്പോൾ പരോപകാരപ്രദമാകുമ്പോൾ മാത്രമാണ് ദു:ഖങ്ങൾ അകലുന്നതും നമുക്ക്  ആനന്ദം അനുഭവപ്പെടുന്നതും. സ്വന്തം സുഖം മാത്രം

നോക്കിയുള്ള ജീവിതമാണ് ഇഹലോക ദു:ഖങ്ങൾക്ക് കാരണം.

ഇപ്പോൾ രമ്യയുടെ മടിയിലിരുന്ന് കളിക്കുന്ന മുകുന്ദിന് ഒരു പ്രശ്നവുമില്ല. അപ്പൂപ്പൻ ബാംഗ്ളൂർക്ക് പോയിട്ട് വരുമെന്ന് പറഞ്ഞ് കുഞ്ഞ് എല്ലാവരെയും ആശ്വസിപ്പിക്കുന്നു. എല്ലാം കേട്ടുകൊണ്ടിരിക്കുന്ന രമ്യ ഒരു സംശയം ചോദിച്ചു. അങ്കിൾ യഥാർത്ഥത്തിൽ ആത്മാവ് എന്നൊന്ന് ഉണ്ടോ? എനിക്കത് വിശ്വസിക്കാനാവുന്നില്ല. ഉണ്ടെങ്കിൽ എന്റെ അച്ഛൻ ഇപ്പോൾ എവിടെയായിരിക്കും. അതിനുത്തരമായി മാവിൽ കയറിമാത്രം പരിചയമുള്ള ഞാൻ ആത്മാവിനെ പറ്റി പറഞ്ഞു തുടങ്ങി. നമ്മുടെ ജീവചൈതന്യം തന്നെയാണ് ആത്മാവ്. പ്രപഞ്ചം മുഴുവൻ നിറഞ്ഞിരിക്കുന്ന അതേ ശക്തി തന്നെയാണ് നമ്മുടെ എല്ലാം ഉള്ളിലും പ്രവർത്തിക്കുന്നത്. അതൊരു വസ്തു അല്ലാത്തതിനാൽ അതിനൊരിക്കലും നാശമില്ല! ഇവിടെ ജീവിച്ചിരിക്കുന്നവരുണ്ട്. അവരെല്ലാം മരിക്കുന്നവരാണ്. മരിച്ചവരുണ്ട് അവരെല്ലാം ജനിക്കാനിരിക്കുന്നവരാണ്. മോളെ അച്ഛന് അസുഖം വന്നാണല്ലോ മരിച്ചത്. അപ്പോൾ അഛൻ അസുഖമല്ലല്ലോ. അഛൻ വേറെ അസുഖം വേറെ. അഛന്റെ അവയവങ്ങൾ അഛന്റേതാണ്. എന്നാൽ അവയൊന്നും അഛനല്ല. അഛന്റെ ശരീരമാണ് ഈ മുറ്റത്ത് സംസ്കരിച്ചത്. ശരീരം അഛനല്ല. കീറിയ ഉടുപ്പ് ഉപേക്ഷിച്ച് നാം പുതിയ ഉടുപ്പ് ഇടാറില്ലേ. അതുപോലെ രോഗബാധിതമായ ഈ ശരീരം ഉപേക്ഷിച്ച് അച്ഛൻ പുതിയ ഉടൽ തേടിയിരിക്കുന്നു. പ്രകൃതി അതിന്റെ ലീലയ്ക്കായി മായ കൊണ്ടിത് മറച്ചിരിക്കുന്നു. അഛൻ immeterial ശരീരം meterial ഈ കൂട്ടായ്മയിൽ നശ്വരമായ ശരീരം മാത്രമേ നശിക്കുകയുള്ളൂ. ശ്വാശ്വതമായ അഛൻ ഒരിക്കലും നശിക്കുന്നില്ല. ഉദിച്ചാൽ അസ്തമിക്കും. അസ്തമിച്ചാൽ ഉദിക്കും. ഉറങ്ങിയാൽ ഉണരും. ജനിച്ചാൽ മരിക്കും. മരിച്ചാൽ ജനിക്കും. ജീവിതത്തിൽ പ്രതികൂല സാഹചര്യങ്ങൾ എല്ലാവർക്കും ഉണ്ടാകും. അവയിൽ നിന്നും പാഠങ്ങൾ പഠിച്ചുകൊണ്ട് മുന്നോട്ട് പോകണം. ഇവിടെ നടക്കുന്നതൊന്നും യാദൃശ്ചികമായി സംഭവിക്കുന്നതല്ല. സൗരയുഥങ്ങളുടെ പ്രദക്ഷിണവും ഭൂമിയിൽ ജീവജാലങ്ങളുടെ നിലനില്പ്പും കർമ്മ നിയമങ്ങളും നമ്മുടെയും മോടെ മടിയിലിരുന്ന് കളിക്കുന്ന കുഞ്ഞിന്റെയും ശ്വാസഗതിയും ഹൃദയതാളവുമെല്ലാം പ്രപഞ്ചശക്തിയുടെ ഇഛാനുസരണം നടക്കുന്നതാണ്. ഈ നിയമ വ്യവസ്ഥകണ്ട് വെറുതെ അന്ധാളിക്കരുത്.

ഭഗവാൻ വേദവ്യാസൻ പറയുന്നു ഹേ മനുഷ്യാ നിന്റെ സുസ്ഥിരമായ നിലനില്പ് ധർമ്മത്തിലാണ് കുടികൊള്ളുന്നത്. അതൊരിക്കലും കൈവെടിയരുത്. ജനനമരണ ചക്രത്തെ കുറിച്ച് മഹാഭാരതത്തിൽ ഒരു കഥയും പറയുന്നു. ദർശനത്തിൽ ഒരിക്കൽ വന്ന ഈ കഥ ഈ ചെറു സദസ്സിൽ വിശദീകരിച്ചു.

ഗൗതമി എന്ന ഒരമ്മയുടെ ഏകപുത്രൻ പാമ്പുകടിയേറ്റു മരിച്ചു. വാവിട്ട് കരയുന്ന അമ്മയെ നോക്കി സങ്കടപ്പെട്ട അർജുനകൻ എന്ന വേടൻ മരണത്തിന് കാരണക്കാരനായ പാമ്പിനെ അതിന്റെ മാളത്തിൽനിന്നും പിടിച്ച് ഒരു കമ്പിൽ ചുറ്റിക്കെട്ടിഅമ്മയുടെ മുറ്റത്തു കൊണ്ടുവന്ന് വടിയിൽ കുത്തി നിർത്തുന്നു. അമ്മയ്ക്ക് ഒരാശ്വാസം കിട്ടാനായി പാമ്പിനെ ചുട്ടുകൊല്ലാൻ ശ്രമിക്കുന്ന വേടനെ അമ്മ തടഞ്ഞു. എന്തിന് പാമ്പിനും അതിന്റെ കുടുംബാംഗങ്ങൾക്കും വേദനയുണ്ടാക്കുന്നു. അതിനെ കൊന്നാൽ എന്റെ മകൻ ജീവിക്കുമോ? അതിനെ വെറുതെ വിട്ടേക്കുക. ഇതുകേട്ട് വേടൻ വാദിച്ചു, ഇവനെ അഴിച്ചുവിട്ടാൽ പിന്നെയും ആരെയെങ്കിലും കൊത്തും. ആ മരണത്തിന് നമ്മളായിരിക്കും ഉത്തരവാദികൾ. വാദപ്രതിവാദം നടക്കവേ ബന്ധനസ്ഥനായ പാമ്പ് മെല്ലെ പറഞ്ഞുതുടങ്ങി, അമ്മേ ഞങ്ങൾ പാമ്പുകൾക്ക് ആരോടും ഒരു വൈരവുമില്ല. കഴിയുന്ന ഉപകാരം ചെയ്ത് പ്രകൃതിയോടിണങ്ങി ഞങ്ങൾ മാളങ്ങളിൽ പാർക്കുന്നു. എല്ലാവരും അവരവരുടെ ധർമ്മം അനുഷ്ടിക്കണമല്ലോ. ഞങ്ങളുടെ അധിദേവത (ബോസ്) മരണ ദേവനാണ്. ചില പ്രത്യേക സന്ദർഭങ്ങളിൽ ഞങ്ങൾക്ക് കൊത്താനുള്ള ഒരു ഉൾപ്രേരണയുണ്ടാകും. അത് ഞങ്ങൾക്ക് മരണദേവനിൽനിന്നും ലഭിക്കുന്ന ആജ്ഞയാണ്. ഞങ്ങൾ അതനുഷ്ടിച്ചേ പറ്റൂ. അതല്ലാതെ ആരെയെങ്കിലും കണ്ടാൽ ഞങ്ങൾ കൊത്താറില്ല. ഞങ്ങൾ കൊത്തണമെന്ന ഒരു തീരുമാനമെടുത്താൽ ഭൂമിയിൽപിന്നെ മനുഷ്യരാരും കാണുകയില്ലല്ലോ. ആരാച്ചാർക്ക് തൂക്കിക്കൊലയിൽ ഉത്തരവാദിത്വം ഇല്ലാത്തതുപോലെ ഈ മരണത്തിൽ ഞങ്ങൾക്ക് പങ്കില്ല. ഈ അമ്മയുടെ ദുഃഖംകണ്ട് ഞാനും വളരെ വ്യസനിക്കുന്നു. ഇതിന്റെയെല്ലാം ഉത്തരവാദി കാലസ്വരൂപനായ ഈശ്വരനാണ്. അദ്ദേഹം ജനനമരണചക്രം തിരിക്കുന്നുവെങ്കിലും അദ്ദേഹത്തിനും ഇതിൽ പങ്കില്ല. മനുഷ്യന്റെ ജന്മജന്മാന്തര കർമ്മങ്ങളാണ് ഇതിനൊക്കെ ആധാരം. മകനുമൊത്തുള്ള ഈ അമ്മയുടെ ജീവിതം അവരുടെ കർമ്മവശാൽ ഇന്ന് അവസാനിക്കുകയാണ്.

ഇതൊന്നുമറിയാതെ വിഢിയായ ഹേ മനുഷ്യാ എന്തിനാണ് എന്നെ പിടിച്ച് കെട്ടിയിരിക്കുന്നത്. സാധുവായ എന്നെ വധിച്ചാൽ എന്റെ കുടുംബത്തിൽനിന്നും വീഴുന്ന കണ്ണുനീർ കാലന്തരത്തിൽ വേദന യായി നിന്റെ കണ്ണിലൂടെ പുനർജനിക്കും. അപ്പോൾ കിടന്ന് കര ഞ്ഞിട്ട് പ്രയോജനമില്ല. പിന്നെ താമസമുണ്ടായില്ല വേദവ്യാസനു പറയാനുള്ളത് പാമ്പിലൂടെ കേട്ടപ്പോൾ അർജുനകൻ പാമ്പിനെ സ്വതന്ത്രനാക്കി. ഗൗതമിയുടെ ദുഃഖം പുതിയ വെളിച്ചത്തിൽ അലിഞ്ഞു ഭക്തിയായി പരിണമിക്കാൻ തുടങ്ങി.

കഥയൊക്കെ പറഞ്ഞിരുന്ന്. രാവേറെ കഴിഞ്ഞു. പോരാൻ നേരം രാധിക എന്റെ കൈപിടിച്ചുകൊണ്ട് പറഞ്ഞു. ഈ ദു:ഖത്തി നിടയിലും ഇതൊക്കെ കേട്ടപ്പോൾ എനിക്ക് ആശ്വാസം തോന്നു ന്നു. ബാബു ചേട്ടൻ എവിടെയും പോയിട്ടില്ല കൂടെയുണ്ടെന്ന് പറ ഞ്ഞപ്പോൾ ഒരു സമാധാനം. യാത്ര പറഞ്ഞ് ഞാനും ലതയുമായി വീട്ടിലേക്ക് പോന്നു. ഈ ഭൂമിയിൽ പലർക്കും പല ദു:ഖങ്ങളാണ്. “ലോകം ശോകഹതംച സമസ്തം. പരിഹാരത്തിന് ദർശനം ഒരു നല്ല മരുന്നാണ് നിർദ്ദേശിക്കുന്നത്. ഈ കാണുന്നവരെല്ലാം എന്റെ ബന്ധുക്കളാണ്. സ്നേഹിക്കുവാനുള്ള സഹോദരീ സഹോദരന്മാ രാണ്. വിശ്വമൈത്രീ ഭാവന നമ്മുടെ ഉള്ളിൽ വിടർന്ന് വരുമ്പോൾ ആരെ കണ്ടാലും പുഞ്ചിരിക്കുവാൻ കഴിയും. മനസ്സിൽ കാരു ണ്യവും സ്നേഹവും ഊറി നിറയുമ്പോൾ ദു:ഖങ്ങൾക്ക് ഇടമില്ലാതെ അവ കൂടൊഴിയും ഇതിനെല്ലാത്തിനും തടസ്സമായി നിൽക്കുന്ന നമ്മുടെ മനസ്സിലെ ഞാനെന്ന ഭാവത്തെ ഇറക്കി വിടാനായി “ഉണരൂ മനസ്സേ ഉണരൂ” ജയ് ജഗത്

---

## പൊതുവിവരങ്ങൾ

### 1. സ്മരണാഞ്ജലി

സെപ്റ്റംബർ 28-ാതീയതി കഞ്ഞിപ്പാടത്ത് വച്ച് നടക്കുന്ന കുറുപ്പുസാറിന്റെ സ്മരണാഞ്ജലിയിലേയ്ക്ക് സ്വാഗതം. രാവിലെ 08.00ന് നീർക്കുന്നത്തുനിന്നും പദയാത്രയോടെ ആരംഭിക്കുന്ന മൈത്രീ സംഗമം ചർച്ചകളും പഠനവും ഭവന സന്ദർശനവുമായി വൈകിട്ട് 6 മണിവരെ തുടരുന്നു. 6.00ന് മാനുഷിക ധ്യാനം. മനുഷ്യ മനസ്സിലെ സംഘർഷങ്ങൾ വർദ്ധിച്ച് വർദ്ധിച്ച് നാം ബന്ധുക്കളാ

ണെന്ന ബോധം നഷ്ട്ടപ്പെട്ട് കുടുംബാംഗങ്ങൾ തമ്മിൽ പോലും അകന്നുപോകുന്ന ഇപ്പോഴത്തെ അവസ്ഥ മനുഷ്യ രാശിയെ വലിയ ഒരു ദുരന്തത്തിലേക്കാണ് വീഴ്ത്തുന്നത്. ഇത് മനസ്സിലാക്കിയ കുറു പ്പുസാർ ഒരു പുരുഷായുസ് മുഴുവൻ നടത്തിയ ഗവേഷണത്തിലൂ ടെയാണ് ഈ ദുരന്ത നിവാരണത്തിനായി മൈത്രീ ഭാവന കണ്ടു പിടിച്ചത്. നാമെല്ലാം മനുഷ്യരാണ്. വേണ്ടപ്പെട്ടവരാണെന്ന ബോധം പ്രകാശിക്കുവാൻ തുടങ്ങിയാൽ ഇപ്പോഴത്തെ ദു:ഖങ്ങളിൽ നിന്നും നമുക്ക് ശാശ്വത മോചനം നേടാം. ഇതിനായുള്ള കൂട്ടായ പരിശ്രമ ത്തിന് നമുക്ക് ഒത്തുകൂടാം.

## 2. സുഹൃത്ത് സംഗമം

മെയ് 18ന് നടന്ന സുഹൃത്ത് സംഗമം മംഗളകരമായി. മുറ്റത്ത് പറുങ്കിമാവിൻ ചുവട്ടിൽ വട്ടം കൂടിഇരുന്ന് കുറുപ്പുസാറിന്റെ ദർശ നങ്ങൾ വായിച്ച് ചർച്ച ചെയ്തു. പരസ്പര സ്നേഹം വളർത്തി യെടുത്താൽ നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാ കും. പ്രകൃതി വേണ്ടതെല്ലാം തന്നട്ടുണ്ട് പങ്കിട്ട് ജീവിക്കാം. എല്ലാം സത്യം പക്ഷേ ഒന്നും നടക്കുന്നില്ല. മനുഷ്യമനസ്സിലെ ഹീന വാസ നകളാണ് തടസ്സക്കല്ല്. അതുമാറ്റിയാൽ നാമെല്ലാം വേണ്ടപ്പെട്ടവരാ ണെന്ന ബോധം പ്രകാശിക്കും. പരിശ്രമം നടക്കട്ടെ അനുകൂലമായ ഒരു കാലം വരും. ഈ വ്യാപാരത്തിൽ നഷ്ടം ഇല്ല. ഇത് അനു ഷ്ഠിക്കുന്നവരുടെ ഉള്ളിൽ നിന്നും പ്രസാദാത്മകമായ ഒരു ഭാവം പ്രസരിക്കും അത്രയും ഇപ്പോൾ നടക്കട്ടെ. ഹരിശാന്ത്, ശബരീനാ ഥ്, ഉണ്ണികൃഷ്ണൻ, സതീഷ്ചന്ദ്രൻ, മകൻ ശംഭു, ദർശനം പ്രിന്റ് ചെയ്യുന്ന ബാബു, കോട്ടയത്തുനിന്നും ഫിലിപ്പ് മകൻ അജയ്, അനിൽ ചിങ്ങവനം, വണ്ടാനത്തുനിന്ന് സോമനും അമ്പിളിയും, ഹംസ സാർ, ബാഷയും സോഫിയും മക്കളായ മുല്ല, അഹ്സാൻ, ദേവദത്ത് ജി. പുറക്കാട്, അക്ബർ ഷെരീഫ്, തോട്ടപ്പള്ളി രേവീന്ദ്ര നാഥ്, ചന്ദ്രൻ പുറക്കാട്, കാക്കാഴത്തുനിന്നും രാധാമണി, കുറു പ്പുസാറിന്റെ മകൾ ശാന്തി, അനിൽ മക്കളായ ആതിര, ഗോവിന്ദ്, അഷറഫും ലൈലയും മക്കളായ അജ്മില, അൽമിയ, സുരേഷ് സാർ തോട്ടപ്പള്ളി, ചേർത്തലയിൽ നിന്നും നളിന പ്രഭ, ഡോ: പത്മ കുമാർ, കൃഷ്ണദാസ് സാർ, അശോകൻ കന്യകോണിൽ, പ്രസ ന്നൻ പിന്നെ ധന്യയിലെ കുടുംബാംഗങ്ങളും.

ഒരു നാല്പത് പേരെ പ്രതീക്ഷിച്ച് കഞ്ഞിയും കറിയും വെച്ചു. നാല്മണിയായിട്ടും ആരെയും കാണാത്തപ്പോൾ ഒരു ഭയം ഈ കഞ്ഞി എന്തുചെയ്യും. സമയമായപ്പോൾ എന്തോ ഏതോ എങ്ങനെയോ മിത്രങ്ങളൊക്കെ വന്നു. പഠനവും കടപ്പുറം ധ്യാനവും നടന്നു. രാത്രിയിൽ ലത അൽപം അരി കൂടി ഇടേണ്ടി വന്നു. ശുഭം. പക്ഷേ ഈ സംശയവും ഭയവും എന്നാണ് മനസ്സിൽ നിന്നും പോകുന്നത്.

## 3. അനുസ്മരണം

പ്രൊഫസർ മുരളീധരമേനോൻ അനുസ്മരണം ആഗസ്റ്റ് 17 ഞായറാഴ്ച വൈകിട്ട് 5 മുതൽ 7 വരെ അമ്പലപ്പുഴയിൽ ഡോ: ഹരിഹരന്റെ വസതിയിൽ. സ്വാഗതം

## 4. പ്രതിമാസയോഗം

ആഗസ്റ്റ് 3 ഞായറാഴ്ച കഞ്ഞിപ്പാടത്ത് കുറുപ്പുസാറിന്റെ വസതിയിൽ 5 മുതൽ 7 വരെ സ്മരണാഞ്ജലിയുടെ നടത്തിപ്പിനെ കുറിച്ച് ആലോചിക്കണം. പാടത്ത് വെള്ളം കയറികിടക്കുന്നു. കായൽപോലെ നല്ല അന്തരീക്ഷം. ആഗസ്റ്റ് 23 നാണ് ഇപ്പോൾ വെച്ചു കൊണ്ടിരിക്കുന്ന വീടിന്റെ വാസ്തുബലി.

## 5. ദർശനം റസിഡന്റ്സ് അസോസിയേഷൻ

അച്ഛനോടുള്ള ആദരസൂചകമായാണ് പുന്നപ്രയിലെ ഈ കൂട്ടായ്മ ഈ പേര് സ്വീകരിച്ച് ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നത്. നമ്മുടെ കുട്ടികളിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയിൽ വിജയിച്ച എല്ലാവരെയും അനുമോദിക്കുന്നതിനും സാമ്പത്തിക വൈഷമ്യം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സഹായ ധനം വിതരണം ചെയ്യുന്നതിന് 08.06.2014 ഞായറാഴ്ച വൈകിട്ട് പുന്നപ്ര ഗവ: ജെ.ബി.എസ്സിൽ പൊതുസമ്മേളനം നടന്നു. യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ: പ്രതിഭാഹരി ഉദ്ഘാടനം ചെയ്തു. അലിയാർ എം.മാക്കിയിൽ അദ്ധ്യക്ഷനും, ശ്രീ. ചന്ദ്രൻ പുറക്കാട് രക്ഷാധികാരിയും ആയിരുന്ന യോഗത്തിൽ ശ്രീ. കമാൽ എം. മാക്കിയിൽ കുറുപ്പുസാർ അനുസ്മരണ പ്രഭാഷണം നടത്തി. വിജയികളായ കുട്ടികൾക്ക് 'സത്യാന്വേഷണപരീക്ഷണകഥ', 'പുതിയലോകം പുതിയവഴി' എന്നീ പുസ്തകങ്ങളാണ് സമ്മാനമായി നൽകിയത്. ദർശനത്തിന്റെ പ്രണാമം

# കത്തുകൾ

**1**

പ്രിയമിത്രമേ,

ദർശനവുമായി മിണ്ടിയിട്ട് കുറച്ച് നാളായി എങ്കിലും എല്ലാ ലക്കവും ചൂടോടെ വായിക്കുന്നുണ്ട്. ആസ്വദിക്കുന്നുണ്ട്. പ്രചരിപ്പിക്കുന്നുണ്ട്. നാല് മാസം മുമ്പ് തിരുവനന്തപുരത്ത് സ്റ്റേറ്റ് റിസോർസ് സെന്ററിൽ നടന്ന ഒരു പ്രതിമാസ കൂട്ടായ്മയിൽ ഞാൻ കുറുപ്പുചേട്ടനെ കുറിച്ചും ദർശനത്തെ കുറിച്ചും മാനുഷിക ധ്യാനത്തെ കുറിച്ചും പറഞ്ഞു. അവിടെ കൂടി ഇരുന്നവരെകൊണ്ട് മാനുഷിക ധ്യാനം ചെയ്യിപ്പിച്ചു. വളരെ നല്ല ഒരു അനുഭവം എന്നായിരന്നു പ്രതികരണം. മൈത്രീ ഭാവനയെകുറിച്ച് ഞാൻ ഈയിടെ ഹിന്ദിയിലെഴുതിയ ഒരു കുറുപ്പിന്റെ പ്രസ്സ് കട്ടിങ്ങ് ഇതോടൊപ്പം അയക്കുന്നു.

നന്മകൾ നേർന്നുകൊണ്ട്,

**കെ.ജി. ബാലകൃഷ്ണപിള്ള,**

തിരുവനന്തപുരം.

---

**2.**

ബഹുമാനപ്പെട്ട രാധാകൃഷ്ണൻ മാഷിന്,

കുറുപ്പ് സാറിന്റെ 19-ാവയസ്സിലെ കത്തും മറ്റ് ലേഖനങ്ങളും കൊണ്ട് കഴിഞ്ഞ ലക്കം ഗംഭീരമായി. കൊച്ചുവർത്തമാനത്തിൽ ഇത്തികണ്ണിയെ കുറിച്ച് പറയുന്നുണ്ടല്ലോ. മാവിൽ കയറാതെ തന്നെ ഇത്തികണ്ണി കളയാനൊരു മാർഗമുണ്ടെന്ന് മാഷിന്റെ അയൽവാസി ദയാൽമാഷ് പറയുന്നു. ഒരു നീളമുള്ള കമ്പിൽ പന്തംചുറ്റി തീകത്തിച്ചു ഇത്തികണ്ണിയെ ചൂടുപിടിപ്പിച്ചാൽ മതി. കത്തിയ്ക്കണ്ട കരിഞ്ഞ് പൊയ്കൊള്ളും.

ദർശനം കിട്ടിയാലുടൻ വായിക്കും ഓരോ തവണയും ആവർത്തിക്കുമ്പോൾ മാറ്റം പതുക്കെ ഉൾകൊള്ളാൻ കഴിയുന്നു. കൂറെകൂടി പാകതവരുന്നതായൊരു തോന്നൽ. സുഖമല്ലേ.

സസ്നേഹം,

**ആർ. സോമശേഖരൻനായർ**

**3**

ദർശനം എഡിറ്റർ സുഹൃത്തേ,

കൊച്ചിയിൽ നിന്ന് ഒരു 78 വയസ്സുകാരന്റെ സ്നേഹാശംസകൾ.

ഈശ്വരൻ കഴിഞ്ഞാൽ മനസ്സിൽ പതിയുന്ന ചില ഈശ്വരദാസർ ഉണ്ട്. അതിൽ ഒരാളാണ്. പങ്കജാക്ഷകുറുപ്പ്. ഭാരതമണ്ണിന്റെ സുഗന്ധം പരത്തുന്ന പുണ്യാത്മാവ്. എന്റെ കൊച്ചുമുറിയിൽ (ആശ്രയഭവൻ) അദ്ദേഹം വന്ന് പ്രാർത്ഥിച്ച് കഞ്ഞികുടിച്ച് പോയിട്ടുണ്ട്. ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ (കഞ്ഞിപ്പാടത്ത്) രണ്ട് തവണ വന്ന് പ്രാർത്ഥിച്ച് കഞ്ഞിയും പുഴുക്കും അച്ചാറും കഴിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഫോട്ടോ എന്റെ പ്രാർത്ഥനാമുറിയിൽ ഉണ്ട്. ദർശനം മുടങ്ങാതെ തരണം. ഞാൻ അനാഥനാണ്. ഭാര്യയില്ല. മക്കളില്ല. മറ്റുള്ളവർ തരുന്നത്കൊണ്ട് സാധുക്കളെ സഹായിച്ച് ഞാനും ജീവിക്കുന്നു.

എഴുതാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് കുട്ടികളെ കൊണ്ടാണ് എഴുതിക്കുന്നത്. തെറ്റുണ്ടെങ്കിൽ ക്ഷമിക്കണേ. എല്ലാ ഭാവുകങ്ങളും നേരുന്നു.

"അങ്ങ് ഒരിക്കലും അനാഥനല്ല. ഈശ്വരൻ കൂടെയുണ്ട്. പിന്നെ ദർശനം സുഹൃത്തുക്കളും"

ബ്രദർ മാവൂറീസ് മാളിയേക്കൽ
ഗാന്ധിനഗർ, കൊച്ചി

---

**4**

പ്രിയപ്പെട്ട ഡോ: രാധാകൃഷ്ണൻ,

നമ്മൾ തമ്മിൽ നേരിട്ടു പരിചയപ്പെട്ടിട്ടില്ലെങ്കിലും പരസ്പരം അറിയാമെന്ന് കരുതുന്നു. ദർശനവുമായി മിണ്ടുന്നില്ലെങ്കിലും അതിന്റെ സ്ഥാപക പത്രാധിപൻ പങ്കജാക്ഷ കുറുപ്പ് സാറിന്റെ ആത്മാവുമായി ഇന്നും ഞാൻ ബന്ധപ്പെടുന്നുണ്ട്.

ഞങ്ങൾ തമ്മിലുള്ള സൗഹൃദത്തിന് വർഷങ്ങളോളം പഴക്കമുണ്ട്. ഞങ്ങൾ ഒന്നിച്ച് ക്ലാസുകളിൽ പങ്കെടുത്തിട്ടുണ്ട്. സാറ് പല പ്രാവശ്യം എന്റെ വീട്ടിൽ വന്നിട്ടുണ്ട്.

സാറിന്റെ നിർബന്ധം കാരണം പുന്നപ്ര സ്കൂളിലെ വാർഷി

കാഘോഷത്തിന് ഞാൻ വന്നു പ്രസംഗിച്ചിട്ടുണ്ട്.

പ്രായംകൊണ്ടും സ്വാഭാവികമായി വന്നുചേർന്ന ആലസ്യം കൊണ്ടും ഇപ്പോൾ പൊതുപ്രവർത്തനങ്ങളിൽ ഇടപെടാറില്ല. പുസ്തക പാരായണവും ഞങ്ങളുടെ കുടുംബ ക്ഷേത്രത്തിന്റെയും കുടുംബയോഗത്തിന്റെയും പ്രവർത്തനങ്ങളുമായി ഒതുങ്ങികഴിയുന്നു. എനിക്ക് വരുന്ന മിക്ക പ്രസിദ്ധീകരണങ്ങളും ഇപ്പോഴും വായിക്കുന്നുണ്ട്. അതുകൊണ്ട് ഞാൻ മിണ്ടിയില്ലെങ്കിലും എന്റെ കാലം വരെ ദർശനം മുടങ്ങാതെ അയക്കൂ. ഞാൻ പ്രതീക്ഷിക്കുന്നു.

ദർശനത്തിന്റെ മടിശ്ശീലയിലേയ്ക്ക് ഒരു ചെറിയ സംഭാവന 200 രൂപ അയക്കുന്നു.

ആശംസകളോടെ,

**എ.കെ. ഗോപാലപിള്ള**
ചക്കനാട്ടു, കുട്ടമ്പേരൂർ പി.ഒ

---

**5**

പ്രിയ ശ്രീ. രാധാകൃഷ്ണൻ,

ശ്രീ. നാരായണൻ നായരുടെസഹായത്താൽ ദർശനം കിട്ടി. നന്മയുടെ മന:സാക്ഷിയുടെ നേർകണ്ണാടി. അമ്മയ്ക്ക് സമർപ്പണമായി കുറിച്ച താങ്കളുടെ അക്ഷരാർച്ചനയും (അമൃതാനന്ദമയി മഠത്തെ കുറിച്ചുള്ള ഒരു ലേഖനം ദർശനത്തിൽ വന്നിട്ടുള്ളതല്ല.)

സത്യദർശനം തേടി ആദർശഭാരതഭൂവിലെ ഈ കൊച്ചു തുരുത്തിൽ അമ്മയോടൊപ്പം എത്രയോ കാലം കഴിഞ്ഞിട്ടും മദാമ്മയ്ക്ക് വേണ്ടുന്ന വിവേകം ഉണ്ടായില്ല. അതുകൊണ്ടല്ലേ പുലഭ്യം പറഞ്ഞത്. അതിൽ നൊന്തല്ലേ ഇന്നോളവും മനസ്സിൽ മാത്രം കണ്ട ടെലിവിഷൻ സ്ക്രീനിൽ മാത്രം കണ്ട ആൾ ദൈവത്തെ - അല്ല "അമ്മ ദൈവത്തെ" നേരിൽ കാണുവാൻ; ഈ ഞാനും താങ്കളും മറ്റനേകരും ഇറങ്ങി തിരിച്ചത്. മാനസങ്ങൾ വിങ്ങിയത്. നമുക്ക് നന്ദിപറയാം. അബദ്ധജഡിലമായ ഉത്തരങ്ങൾ എഴുതുന്ന വിദ്യാർത്ഥി എന്തെല്ലാം രീതിയിൽ അദ്ധ്യാപകരെ വിഷമിപ്പിക്കുന്നു. സഹപാഠികളെ ചിരിപ്പിക്കുന്നു. അവിവേകത്തിൽ സഹതാപം തോന്നാത്ത സഹപാഠി അവൻ ഏറ്റുപറഞ്ഞു. സ്വയം അവിവേകിയായി.

ദർശനം തികച്ചും മനസ്സിനു നേരെ പിടിച്ച കണ്ണാടിയാണ്.

ശബരീഷിന്റെ വീട്ടുടമയുടെ അനുഭവം. മെഡിക്കൽ അദ്ധ്യാപകന്റെ നെഞ്ചോടു ചേർത്തുപിടിച്ച മനകണ്ണാടിയായി. ആ കണ്ണാടി തുടിക്കുന്നുണ്ടായിരുന്നു. വിങ്ങുന്നുണ്ടായിരുന്നു. അമർഷം പൂണ്ട് വിറക്കുന്നുണ്ടായിരുന്നു. "ദർശനം" നേർ കണ്ണാടിയായി നിവർന്നു നിന്ന് എന്നും ശോഭിക്കണം. മൃദുവായി ക്ഷോഭിക്കണം.

ശബരിയ്ക്കു കിട്ടിയ നിധി. കുട്ടിയമ്മയുടെ ദു:ഖം കണ്ട കുറുപ്പുസാർ... എല്ലാ മക്കളും അച്ഛനമ്മമാരുടെ ദു:ഖം കണ്ടു മനസ്സിലാക്കി ലോകക്ഷേമത്തിനായി വന്നിരുന്നെങ്കിൽ എന്നാശിക്കുന്നു. മക്കളുടെ ശ്രേഷ്ഠമല്ലാത്ത ശീലങ്ങൾ കോതികളഞ്ഞ് ഒരു "മാമ്പഴക്കാല"ത്തിനായി കാത്തിരിക്കാം.

പുറക്കാട് ചന്ദ്രൻസാറിന്റെ ഹിമാലയ ദേവഭൂമി ദർശനകുറിപ്പുകൾ ഹൃദ്യമായി. വർഷങ്ങൾക്കുമുമ്പ് മെഡിക്കൽ കോൺഫറൻസിന്റെ ഭാഗമായി ഹരിദ്വാർ, ഡെറാഡൂൺ എന്നിവിടങ്ങൾ കണ്ടു. വൈഷ്ണോദേവീ ദർശനത്തിന് റോപ്പ് കാർ സ്റ്റേഷൻ വരെ എത്തി. താമസിച്ചുപോയി. വൈഷ്ണോ ദേവി ദർശനം ഇന്നും മാനസിക ധ്യാനത്തിലൂടെ മാത്രം. കഥയറിയാത്തവൻ ആട്ടം കണ്ടപോലെ ആയി ആ സന്ദർശനങ്ങൾ. ചന്ദ്രൻ സാറിലൂടെ അന്ന കണ്ട ആട്ടത്തിന്റെ കഥയറിഞ്ഞു. മനകണ്ണാടിയിൽ ദേവ ഭൂമി ദർശനം നടത്തുന്നു. ഭാരത് മാതാ ക്ഷേത്രത്തിലെ നിറങ്ങൾ ചാലിച്ച മാർബിൾ പ്രതിമകൾ ഉയിരിട്ട് തുടിക്കുന്നു.

"ദർശനത്തിന് വീണ്ടും നന്ദി"ലോകാ സമസ്താ സുഖിനോ ഭവന്തു.

ഡോ: ശിവസുതൻ
പ്രൊഫസർ ഫോറിൻസിക് മെഡിസിൻ
മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
ഫോൺ: 9447111505

---

**6**

പ്രിയ സഹോദരാ,

'ദർശനം' മുടങ്ങാതെ മൈലുകൾ താണ്ടി ഈ ഓറഞ്ച് നഗരത്തിൽ കൃത്യമായി എത്തുന്നുണ്ട്. പരസ്പരാനന്ദ ജീവിതം ലക്ഷ്യമാക്കി ദീർഘവീക്ഷണത്തോടെ കുറുപ്പുസാർ പലപ്പോഴായി എഴുതിയ ലേഖനങ്ങൾ വീണ്ടും ദർശനത്തിലൂടെ കാണാൻ കഴിയുന്നതിൽ ഏറെ സന്തോഷമുണ്ട്.

കുറുപ്പുസാറിന്റെ സ്വപ്നം സാക്ഷാത്കരിക്കുവാൻ താങ്കളും

മാനുഷിക മൂല്യങ്ങൾക്കു വിലനൽകുന്ന നല്ലവരായ ദർശനം സുഹൃത്തുക്കളും ചേർന്നു നടത്തുന്ന എല്ലാ സദ്കർമ്മങ്ങളിലും എന്റെ മനസ്സ് ഒപ്പം ഉണ്ട്. ഇത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. എല്ലാ നന്മകളും ആശംസിച്ചുകൊണ്ട്,

സ്നേഹപുരസ്സരം,

ഗോപി ആനയടി,
നാഗ്പൂർ

---

**7**

പ്രിയ പത്രാധിപർ,

ദർശനം കിട്ടി. പതിവ്പോലെ ഒറ്റയടിയ്ക്കു വായിച്ചു. എത്ര ഉദാത്തമായ സ്വപ്നം! എത്ര മനോഹരമായ മാർഗ്ഗങ്ങൾ. എന്നിട്ടും എവിടെയോ ഒരു തടസ്സം മുന്നേറാനാവുന്നില്ല. ദീപസ്തംഭം മാഹാശ്ചര്യം എന്ന് ആർക്കുവേണമെങ്കിലും പറയാം. പക്ഷേ രാജാവ് നഗ്നനാണെന്ന് പറയുവാൻ പലർക്കും ബുദ്ധിമുട്ടാണ്. ദർശനത്തിന്റെ സന്ദേശം ജീവിതത്തിൽ അപ്പാടെ പകർത്തുക എന്നുള്ളത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. നമ്മുടെ അയൽപക്കക്കാരോ, കുടുംബക്കാരോ, ബന്ധുമിത്രാദികളോ നമ്മോട് നന്ദികേടോ, ദുഷ്ടതയോ, സ്നേഹ ശൂന്യതയോ ഒക്കെ കാണിച്ചാലും അതൊന്നും നമ്മുടെ മനസ്സിനെ ദുഷിപ്പിക്കാൻ പാടില്ല എന്ന് നമുക്ക് പറയാം. പക്ഷേ മനസ്സ് നമ്മുടെ വരുതിയിലല്ലല്ലോ. അതുകൊണ്ട് എല്ലാവരോടും എല്ലായ്പ്പോഴും മൈത്രീ ഭാവന പുലർത്തുക എന്നുള്ളത് സ്ഥിത പ്രജ്ഞരായിട്ടുള്ള യോഗികൾക്ക് മാത്രം പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ആണ്. എങ്കിലും നല്ല നല്ല സ്വപ്നങ്ങൾ കണ്ട് അതിനായി പ്രവർത്തിക്കുന്നതിലും വലിയ രക്ഷാ മാർഗ്ഗമില്ല. ശ്രീ മധുസൂദനൻ നായർ നാറാണത്ത് ഭ്രാന്തനിൽ പറയുന്നത് പോലെ "ഒക്കെ ഒരു ഭ്രാന്തന്റെ സ്വപ്നം. നേരു നേരുന്ന താന്തന്റെ സ്വപ്നം."

## അനുഭവം

എന്റെ ഭാര്യ വസ്ത്രം ഉണക്കാൻ ബാൽക്കണിയിൽ ഇട്ടിരുന്നു. കാറ്റത്ത് പറന്ന് പോകാതിരിക്കാൻ ഒരു ഇഷ്ടിക കഷ്ണവും തുണിയുടെ മുകളിൽവെച്ചു. കഷ്ടകാലത്തിന് കാറ്റിന്റെ ശക്തി കൊണ്ട് ഇഷ്ടിക കഷ്ണം താഴെ പാർക്ക് ചെയ്തിരുന്ന അയലത്തുകാരിയുടെ കാറിന്റെ മുകളിൽ വന്നു വീണു. കാറിന്റെ മുകളിൽ ഒരു ചളുക്കും ഉണ്ടായി. ഞാൻ വന്നപ്പോൾ ഭാര്യയും മക്കളും ഒക്കെ മ്ലാനവദനരായി കാണപ്പെട്ടു. വിവരം കേട്ട് ഞാൻ പറഞ്ഞു

സാരമില്ല. അറിയാതെ പറ്റിയ അബദ്ധമല്ലേ. വൈകുന്നേരം അവർ വരുമ്പോൾ നമുക്ക് പോയി കണ്ടു പറയാം. വണ്ടിക്ക് ഇൻഷുറൻസ് ഉള്ളതാണ്. അതല്ല അവരുടെ കൈയ്യിൽ നിന്നും എക്സ്ട്രാ പണം ചെലവായാൽ നമുക്ക് കൊടുക്കാം. (ഈ സംഭവത്തിന് ദൃക്സാക്ഷികൾ ആരുമില്ല.) ഞങ്ങൾ രാത്രി അയൽക്കാരിയെ വീട്ടിൽപോയി കണ്ട് വിവരങ്ങൾ പറഞ്ഞു. "ക്ഷമിക്കണം ഒരു കൈഅബദ്ധം പറ്റി. നിങ്ങളുടെ വണ്ടിയുടെ മുകളിൽ ഒരു ഇഷ്ടികമുറി വീണു." നിമിഷാർത്ഥംകൊണ്ട് അയൽക്കാരിയുടെ ഭാവം മാറി. വിഷണ്ണനായ ഞാൻ പറഞ്ഞു അതിന്റെ ഡെന്റിംഗും പെയ്റ്റിംഗും വർക്ക്ഷോപ്പിൽ കൊടുത്ത് നമുക്ക് ചെയ്യിക്കാം. ഇൻഷുറൻസ് ഉള്ളതാണല്ലോ? പോരാത്ത കാശു ഞാൻ തന്നോളാം. അപ്പോഴേയ്ക്കും അവർ അലറി. ഇൻഷുറൻസോ ആ കാര്യം മിണ്ടിപ്പോയേക്കരുത്. ഇത് നിങ്ങൾ തന്നെ കമ്പനി വർക്ക്ഷോപ്പിൽ കൊണ്ടുപോയി നന്നാക്കി തരണം. ഇൻഷുറൻസ് ക്ലെയിം ഒന്നും ഇതിന് ഞാൻ ചെയ്യില്ല. പിന്നെ ശകാരങ്ങളുടെ ഒരു ക്ഷോഭയാത്ര.

ആ കമ്പനിയിലെ തന്നെ എന്റെ ഒരു സുഹൃത്ത്, അവിടുത്തെ മെക്കാനിക്കിനെ കൊണ്ട് ഡെന്റിംഗ് നടത്താമെന്ന് ഓഫർ ചെയ്തു. അതും പകുതി റെയ്റ്റിന്. അയലത്തുകാരിയുണ്ടോ അത് സമ്മതിക്കുന്നു. മാരുതിയുടെ കമ്പനി വർക്ക്ഷോപ്പിൽ തന്നെ കൊടുത്ത് ശരിയാക്കേണ്ടിവന്നു. സെയിം മെഷീൻ പുറത്ത് 2000 രൂപയ്ക്ക് ചെയ്യാമെന്ന് പറഞ്ഞ കാര്യം 4000രൂപയ്ക്ക് ചെയ്ത് കൊടുത്തു. പണി ശരിയാകും വരെ അവരുടെ അശുഭവചനങ്ങളും കേൾക്കേണ്ടി വന്നു. മാത്രമല്ല ശരിയാക്കിയതിന് ശേഷവും കണ്ടാൽ പ്രകോപനപരമായ ശരീര ഭാഷ ഇപ്പോഴും തുടരുന്നു. എങ്ങിനെയാണ് ഇവരിൽ മൈത്രീഭാവന പ്രയോഗിക്കുന്നത്. എങ്ങനെ ഈ അയൽവീട്ടിലേയ്ക്ക് ഞാൻ കയറും.

കവി പാടിയത് ശരിതന്നെ

"വെളിച്ചം ദു:ഖമാണുണ്ണി......."

ദർശനത്തിന് എന്റെ ആശംസകൾ. മോഹിക്കുന്നതിനോ, സ്വപ്നം കാണുന്നതിലോ യാതൊരു പിശുക്കും വേണ്ട.

സ്നേഹാദരപൂർവ്വം

**വിജയകുമാർ,**
**ജയ്പൂർ. ഫോൺ : 0140-2299980**

സത്യം

അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

## മടിശ്ശീല

സർവ്വശ്രീ. മുരളീധരകൈമൾ പുന്നപ്ര - 200, രാധാദേവി കാക്കാഴം - 250, ബിലാൽ ചെമ്പകപ്പള്ളി - 100, പവിഴം മാധവൻ നായർ - 500, രവീന്ദ്രൻ നായർ തിരുവനന്തപുരം - 100, ശ്രീകാന്ത് സനാതനപുരം - 200, ചെറിയാൻ, ദർശനവേദി കോട്ടയം - 100, ഷംസുദ്ദീൻ വി.എസ്സ്. ഹാർഡ്‌വെയേഴ്സ് - 300, ശ്രീകുമാർ ഹരിപ്പാട് - 100, ബിജു ലക്ഷ്മി നിവാസ് - 100, ഗോപാലപിള്ള കുട്ടംപേരൂർ - 200, ജോൺ പൂക്കായി - 200, ജയപ്രകാശ് കളർകോട് - 100. എല്ലാവർക്കും പ്രണാമം.

ജീവിതം സുന്ദരമാക്കുവാൻ..... പ്രകൃതി വൈവിധ്യം ഉള്ളതാണ്. മലകളും താഴ്‌വരകളും കടലും പുഴകളും അനേകജാതി ജന്തു സസ്യജാലങ്ങളും നിരവധി വർണ്ണത്തിലുള്ള പൂക്കളും കൊണ്ടാണ് ഈ ഭൂമി അലങ്കരിക്കപ്പെട്ടിരിക്കുന്നത്. ഈ വൈവിധ്യം മനുഷ്യ പ്രകൃതിയിലും ജീവിതത്തിലുമുണ്ട്, ആരാധനാമാർഗ്ഗങ്ങളിലുണ്ട്. ഇത് സ്യഷ്ടാവിന്റെ കരവിരുതാണ്. പ്രപഞ്ച സൗന്ദര്യമാണ്. മനുഷ്യനിത് മനസ്സിലാക്കിയാൽ ആചാരങ്ങളുടെ ആവരണങ്ങൾക്ക് ഉള്ളിൽ നാം എല്ലാം ഒന്നാണെന്ന് തിരിച്ചറിഞ്ഞാൽ ഭൂമി സ്വർഗ്ഗമാകും പോരടിച്ചാൽ ഇത് നരകമാകും.

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306